# inspire

To Reach, Teach and Grow



SOUTH INDIA ASSEMBLIES OF GOD

MALABAR DISTRICT SUNDAY SCHOOL

Ministering to the Missing Generation

# inspire

To Reach, Teach and Grow

മലബാർ ഡിസ്ട്രിക്ട് സണ്ടേസ്കൂളിന്റെ കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തന റിപ്പോർട്ടും വിവിധ സെക്ഷനുകളിലെ കുഞ്ഞുങ്ങളുടെയും അദ്ധ്യാപകരുടേയും കലാസൃഷ്ടികളുമാണ് പ്രധാനമായും ഈ മാഗസിനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. സണ്ടേസ്കൂൾ പ്രവർത്തനങ്ങൾക്ക് 'ഇൻസ്പയർ' എന്ന ഈ മാഗസിൻ ഒരു പ്രചോദനം ആകട്ടെ എന്ന പ്രാർത്ഥനയോടെ സമർപ്പിക്കുന്നു...

സണ്ടേസ്കൂൾ ലോഗോ കുറച്ചുകൂടി വർണ്ണാഭവും രൂപഭംഗിയും ഉള്ളതാക്കണമെന്ന്
ഡിസ്ട്രിക്ട് സൂപ്രണ്ട് ഉൾപ്പെടെയുള്ളവരുടെ അഭിപ്രായപ്രകാരം
പഴയ ലോഗോ മാറ്റി പുതിയതാക്കിയിരിക്കുന്നു.

SOUTH INDIA ASSEMBLIES OF GOD

MALABAR DISTRICT SUNDAY SCHOOL

Ministering to the Missing Generation

inspire

To Reach, Teach and Grow

# Contents


റവ. വി.റ്റി. ഏബ്രഹാം ഡിസ്ട്രിക്ട് സൂപ്രണ്ട് 07
പാ. ജോയി മുളയ്ക്കൽ ഡിസ്ട്രിക്ട് സണ്ടേസ്കൂൾ ഡയറക്ടർ 08
തോംസൺ ഒറ്റത്തെങ്ങിൽ ഡിസ്ട്രിക്ട് സണ്ടേസ്കൂൾ സെക്രട്ടറി 09
ആശംസകൾ:–
റവ. വി.സി. ഏബ്രഹാം ഡിസ്ട്രിക്ട് അസി. സൂപ്രണ്ട് 10
റവ. കെ.കെ. മാത്യു ഡിസ്ട്രിക്ട് സെക്രട്ടറി 10
റവ. റ്റി.ഒ സാബു ഡിസ്ട്രിക്ട് ട്രഷറാർ 11
റവ. സി.വി. വിൽസൻ ഡിസ്ട്രിക്ട് എക്സി. കമ്മറ്റി അംഗം 12
റവ. പാറ്റേഴ്സൺ ലാമെക് പ്രസിഡന്റ്, SIAG സണ്ടേസ്കൂൾ 13
പാ. സിജു സ്കറിയ പ്രസിഡന്റ്, CA 14
സി. സുശീല ജേക്കബ് പ്രസിഡന്റ്, WMC 14
ഇവാ. എൽ. ജസ്റ്റസ് മുൻ സണ്ടേസ്കൂൾ ഡയറക്ടർ 15
പാ. വർഗ്ഗീസ് ചാക്കോ കോ ഓഡിനേറ്റർ, ട്രൈബൽ സൺഡേ സ്കൂൾ 16
സെക്ഷൻ പ്രസ്ബിറ്റേഴ്സ് 18
ഡിസ്ട്രിക്ട് സണ്ടേസ്കൂൾ ഓഫീസ് & വെബ്സൈറ്റ് 19
വാർഷിക ക്യാമ്പ് 20
അഭിനന്ദനങ്ങൾ 21
താലന്തുപരിശോധന 24
യേശു തന്ന പുതിയ കല്പന ലിജി ജോബി 25
മാറാത്ത സ്നേഹം ഗായസ്സ് ബെൻ തോമസ് 25
ശാശ്വതമൂല്യങ്ങളെ കൈവെടിയാതെ പാ. കെ.യു. പീറ്റർ 26
**Good Servant** ജോയൽ ജോൺ 27
28 യാഗം സി.സി. രാജു
28 എൻ സ്വന്ത രാജ്യത്തിൽ നിക്സൺ സന്തോഷ്
28 എൻ നാഥൻ ഡെയ്സി ജെ.
29 ബെർത്ത്ഡേ ഗ്രീറ്റിംഗ്സ് & ഗിഫ്റ്റ് എ ബൈബിൾ പ്രൊജക്ട്
32 വാർഷിക പരീക്ഷ & ഉത്തരപേപ്പർ മൂല്യ നിർണ്ണയം
35 പ്രാർത്ഥനയാൽ മുളച്ച സ്വപ്നങ്ങൾ സിജി ജോസഫ്
36 **The Holy Spirit** റ്റിബിൻ റോണി
37 SIAG കോൺഫറൻസ് & ട്രൈബൽ സണ്ടേസ്കൂൾ
38 മെഗാ ബൈബിൾ ക്വിസ്സ്
39 പുതിയ സൃഷ്ടി ജെഫിൻ ചാക്കോ
39 കുശവനും കളിമണ്ണും സുബിത്ത് പി.എസ്.
40 ധനവാനും ലാസറും ഷോൺ പി. സുനിൽ
40 **My Hope** ജോഷ്വ രാജൻ
41 ശലോമോൻ ബ്ലെസ്സിമോൾ റ്റി.സി.
42 ജീവനുള്ള ജീവിപ്പിക്കുന്ന സമ്മാനം നൈസിൽ വർഗ്ഗീസ്
42 യേശു വലിയവൻ കരുണ മോഹനൻ
43 പാഠപുസ്തകം & സണ്ടേസ്കൂൾ കലണ്ടർ
45 പ്രമോഷണൽ മീറ്റിംഗ് & ദി കനോപ്പി പ്രൊജക്ട്
46 ചാരിറ്റി വിംഗ് & പ്രവർത്തന സഹായങ്ങൾ
47 നല്ല ശമര്യക്കാരൻ ആൽബിൻ റോയി
47 **From the Life to the End** സാന്ദ്ര വർഗ്ഗീസ്
48 ഉപസംഹാരം സെക്രട്ടറി


Ministering to the Missing Generation



Rev. V. T. Abraham
Superintendant, South India Assemblies of God

**SOUTH INDIA**
**ASSEMBLIES OF GOD**
**MALABAR DISTRICT COUNCIL**
**HEAD QUARTERS**
**CALICUT**





എളുപ്പം വഴങ്ങുന്ന വ്യക്തിത്വങ്ങളായി നല്ലതിനും തീയതിനുമുള്ള അനന്തസാധ്യതകളോടെയാണ് കുഞ്ഞുങ്ങൾ ജനിക്കുന്നത് (Children come into the world as pliable persons with enormous possibilities for good or for bad). അവരെ ഒന്നാം തരം ആത്മീകരും ഉത്തമ പൗരന്മാരുമായി വളർത്തി എടുക്കുന്നതിൽ മാതാപിതാക്കളുടേയും സഭയുടേയും പങ്ക് വളരെ വലുതാണ്. വിശുദ്ധ ബൈബിൾ പറയുന്നു: 'ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല' (സദൃ. 22:6). ഇവിടെ 'അഭ്യസിപ്പിക്കൽ' എന്നത് കുഞ്ഞുങ്ങളോടുള്ള ബന്ധത്തിൽ ആയുഷ്കാലത്തൊരിക്കൽ മാത്രം ലഭിക്കുന്ന അവസരമാണ്. കാരണം അവർ വളരെ വേഗം വളർന്ന് പ്രായപൂർത്തിയുള്ളവരാകും. ആകയാൽ അടിയന്തിര സ്ഥിതി കണ്ടുവേണം അദ്ധ്യാപനം നൽകേണ്ടത് (Instructions needs to be given with a sense of urgency).

സണ്ടേസ്കൂളിൽ പങ്കെടുപ്പിക്കാതെ ട്യൂഷനും കോച്ചിംഗ് ക്ലാസ്സുകളിലേക്കും തങ്ങളുടെ മക്കളെ വിടുന്നതിൽ ഉത്സാഹം കാണിക്കുന്ന മാതാപിതാക്കൾ തലമുറകളോടുള്ള ദൈവീക ഉത്തരവാദിത്വത്തിൽ പരാജയപ്പെടുന്നു എന്ന് പറയാതെ വയ്യ. ബൈബിൾ സന്ദേശങ്ങൾ കലർപ്പില്ലാതെ പഠിപ്പിക്കുന്നതോടൊപ്പം ബാല്യ കൗതുകങ്ങളെ ആവോളം ഉണർത്തി സണ്ടേക്ലാസ്സുകൾ ആവേശോജ്ജ്വലമാക്കുവാൻ കഴിയുന്ന തരത്തിൽ അദ്ധ്യാപന രീതികൾ ആവിഷ്കരിക്കുവാൻ സഭകൾക്ക് കഴിയണം. ഇതിൽ വീഴ്ച വരുത്തുന്നവർ തങ്ങളുടെ ഭാഗത്തുനിന്നുണ്ടാകുന്ന ഗുരുതരവും കുറ്റകരവുമായ അനാസ്ഥക്ക് ഒരുനാൾ ദൈവമുമ്പാകെ കണക്ക് കൊടുക്കേണ്ടിവരും.

സണ്ടേസ്കൂൾ വിദ്യാർത്ഥികളോടുള്ള കടപ്പാട് മനസ്സിൽ സൂക്ഷിച്ച് പുതു ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിന് തുടക്കമിട്ട് കാര്യക്ഷമതയോടും ലക്ഷ്യബോധത്തോടും പ്രവർത്തിക്കുന്ന മലബാർ ഡിസ്ട്രിക്ട് സണ്ടേസ്കൂൾ കമ്മറ്റിക്ക് അനുമോദനങ്ങൾ!

ക്രിസ്തീയ ശുശ്രൂഷയിൽ


Rev. V. T. Abraham
Asst. Superintendant, Assemblies of God India
Superintendant, South India Assemblies of God
Superintendant, Assemblies of God Malabar District Council



"ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക;
അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല". (സദൃ. 22:6)

ദൈവത്തിന്റെ പരിശുദ്ധ നാമം വാഴ്ത്തപ്പെടുമാറാകട്ടെ.

വളർന്നു വരുന്ന തലമുറയുടെ മാനസികവും സാൻമ്മാർഗ്ഗീകവുമായിട്ടുള്ള ഒരു സമഗ്ര വളർച്ചയാണ് സൺഡേസ്കൂൾ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്. കഴിഞ്ഞ 18 ൽ പരം വർഷങ്ങളായി അസംബ്ലീസ് ഓഫ് ഗോഡ് മലബാർ ഡിസ്ട്രിക്ടിലുള്ള സഭകളേയും സൺഡേസ്കൂൾ പ്രവർത്തനങ്ങളേയും സർവ്വശക്തനായ ദൈവം അനുഗ്രഹിക്കുന്നു. സാങ്കേതിക വളർച്ച അത്യുന്ന നിലയിൽ എത്തിയിട്ടും അരാജകത്വവും അസമാധാനവും നിരാശയും മൂലം മാനസിക സംഘർഷം വളരെ അധികം വർദ്ധിച്ചിരിക്കുന്ന ഒരു സമൂഹമാണ് ഇന്നുള്ളത്. വചനാടിസ്ഥിത മൂല്യങ്ങൾക്ക് വിലകൽപിക്കുന്ന ഒരു തലമുറയെ നാളെയുടെ വാഗ്ദാനങ്ങളായി വാർത്തെടുക്കാൻ മലബാറിലെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്ക് കഴിയും എന്ന് നിസംശയം പറയട്ടെ. ലോക പ്രശസ്തരായിത്തീർന്ന ദൈവദാസൻമാരുടെ പട്ടിക പരിശോധിച്ചാൽ തൊണ്ണൂറു ശതമാനം ആളുകളുടേയും ആത്മീക അടിത്തറ സൺഡേസ്കൂളിൽ നിന്നാണ് എന്നത് എടുത്തു പറയേണ്ട വസ്തുതയാണ്. ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുന്ന ശുശ്രൂഷയിൽ, കാലോചിതമായ പ്രസക്തിയോടും പുതുമയോടും ദൈവസ്നേഹത്തിന്റെ ഊഷ്മളതയോടും ദൈവവചനത്താൽ ബാലഹൃദയങ്ങളെ സ്വാധീനിക്കുന്നതിനും അവരെ ലോകത്തിന്റെ വെളിച്ചമായി തീർക്കുന്നതിനും നമ്മുടെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു എന്നത് തികഞ്ഞ ചാരിതാർത്ഥ്യത്തോടെ സ്മരിക്കട്ടെ.

ലോകം ഇന്നു വിവിധ മേഖലകളിൽ വിപ്ലവകരമായ പുരോഗതി നേടിക്കൊണ്ടിരിക്കുന്നു. എന്നാൽ മനുഷ്യന്റെ ഭാവിയെ തന്നെ ആശങ്കയിലാക്കി നിരീശ്വരത്വം, വിഘടനവാദം, ലോക ജനതയെ ഭയത്തിന്റെ മുൾമുനയിൽ നിർത്തുന്ന തീവ്രവാദ സംഘടനകൾ എന്നിവ സമൂഹത്തിന് നാശം വിതയ്ക്കുമ്പോൾ നമ്മുടെ തലമുറയെ ആത്മീയ ദർശനം നൽകി അവരെ ക്രിസ്തുവിങ്കലേക്ക് നടത്തുക എന്ന ലക്ഷ്യം സൺഡേസ്കൂൾ പ്രവർത്തനങ്ങളിലൂടെ സാധ്യമാകട്ടെ. ദൗത്യ നിർവ്വഹണത്തിൽ കാലിടറാതെ അധ്യാപക വൃന്ദങ്ങളും, മലബാർ ഡിസ്ട്രിക്ട് നേതൃത്വം, പ്രസ്ബിറ്റേഴ്സ്, പ്രാദേശിക സഭകളുടെ നായകത്വം വഹിക്കുന്ന ശുശ്രൂഷക വൃന്ദങ്ങൾ എന്നിവരും കഴിഞ്ഞകാല സൺഡേസ്കൂളിന് കരുത്ത് പകർന്നു. ഈ സംരഭത്തിന്റെ വിജയകരമായ മുന്നേറ്റത്തിന് മുഴങ്കാൽ മടക്കി പ്രാർത്ഥിച്ചവർക്കും, വേണ്ട നിർദ്ദേശവും സഹായ സഹകരണങ്ങളും നൽകി തന്നവർക്കും ഹൃദയത്തിന്റെ ഭാഷയിൽ കൃതജ്ഞത അർപ്പിച്ചുകൊണ്ടും കഴിഞ്ഞ രണ്ട് വർഷം ഡിസ്ട്രിക്ട് സൺഡേസ്കൂളിന് നേതൃത്വം നൽകുവാൻ കൃപചെയ്ത സർവ്വശക്തനായ ദൈവത്തിന്റെ പാദാന്തികേ സകല മാനവും മഹത്വവും പുകഴ്ചയും സമർപ്പിച്ചുകൊണ്ടും നന്ദിയോടെ...

ക്രിസ്തുവിൽ സഹോദരൻ
Pr. Joy Mulackal
Director,
Malabar District Sunday School



സർവ്വശക്തനായ ദൈവത്തിന് നന്ദി പറഞ്ഞുകൊണ്ട് മാത്രമേ ചില വരികൾ കുറിക്കുവാൻ സാധിക്കുകയുള്ളൂ. ഇത്രയും വലിയ ഒരു ഉത്തരവാദിത്വം അനുഭവ സമ്പത്ത് കുറവായ എനിക്ക് ഏറ്റെടുക്കേണ്ടി വന്നപ്പോൾ ഭാരപ്പെട്ടു എങ്കിലും കരുണാമയനായ ദൈവം കൃപ ചെയ്തു. കൂടാതെ സൂപ്രണ്ട് റവ. വി.റ്റി. ഏബ്രഹാം സാറിന്റെയും മറ്റ് എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളുടേയും, പ്രസ്ബിറ്റേഴ്സ്, സണ്ടേസ്കൂൾ പ്രസിഡന്റുമാർ, ദൈവദാസൻമാർ, അദ്ധ്യാപകർ തുടങ്ങിയവരുടേയും വിശ്വാസി സമൂഹത്തിന്റേയും വലിയ പിന്തുണ ഞങ്ങൾക്ക് നൽകിയതോർത്ത് ദൈവനാമത്തിൽ നന്ദി അറിയിക്കുന്നു.

സൺഡേസ്കൂളിന്റെ പ്രാധാന്യതയേപ്പറ്റി നാം ബോധവാൻമാരാണ് എങ്കിലും പലപ്പോഴും അത് വേണ്ട വിധത്തിൽ കൈകാര്യം ചെയ്യുവാൻ പലർക്കും കഴിയുന്നില്ല. എന്നാൽ അനവധി സഭകൾ തങ്ങളുടെ സൺഡേസ്കൂൾ രജിസ്റ്റർ ചെയ്ത് ക്രമീകൃതമായി മുൻപോട്ടു കൊണ്ടു പോകുന്നു. പല സഭകളിലും കുഞ്ഞുങ്ങളുടെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡുകൾ തിരിച്ച് ക്ലാസ്സുകൾ ക്രമീകരിക്കുവാൻ പ്രായോഗികമായ ബുദ്ധിമുട്ടുകൾ നേരിടുന്നു എന്നത് മനസ്സിലാക്കി, ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ച് സണ്ടേസ്കൂൾ രജിസ്റ്റർ ചെയ്യുവാനുള്ള ക്രമീകരണങ്ങൾ ഡിസ്ട്രക്ട് സൺഡേസ്കൂൾ ചെയ്തുവരുന്നു. വരുന്ന ഒന്നുരണ്ട് വർഷങ്ങൾക്കുള്ളിൽ എല്ലാ സൺഡേസ്കൂളുകളും രജിസ്റ്റർ ചെയ്ത് ക്രമീകൃതമാക്കുക എന്ന വലിയ ലക്ഷ്യമാണ് മുൻപിലുള്ളത്.

ഈ ലക്ഷ്യം അപ്രാപ്യമല്ല. ഇതു പൂർത്തീകരിക്കുവാൻ എല്ലാവരുടേയും അകമഴിഞ്ഞ സഹകരണവും പ്രാർത്ഥനയും ഞങ്ങൾക്ക് ആവശ്യമാണ്. സണ്ടേസ്കൂൾ 'കുഞ്ഞുങ്ങളുടെ അവകാശമാണ്', അത് സഭയ്ക്ക് ഒരു അനുഗ്രഹമാണ്. നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവി ശോഭനമാക്കുവാൻ നമുക്കൊരുമിച്ച് പ്രയത്നിക്കാം, സർവ്വകൃപാലുവായ കർത്താവ് എല്ലാവരേയും അനുഗ്രഹിക്കുമാറാകട്ടെ.

ക്രിസ്തുവിൽ സഹോദരൻ

Thomson Ottathengil
Secretary cum Treasure,
Malabar District Sunday School &
Committee Member,
South India AG Children's Ministry

# ആശംസകൾ

## *Greetings in Jesus' name!*

നമ്മുടെ ഇളം തലമുറകളെ ദൈവരാജ്യത്തിന് കൊള്ളാവുന്ന പൗരൻമാരായി വാർത്തെടുക്കുക എന്നത് ദൈവ സഭകളുടെ പരമപ്രധാനമായ ദൗത്യമാണ്. അവർ ഇന്ന് സമൂഹത്തിൽ നേരിടുന്ന വെല്ലുവിളികൾ ഏറെയാണ്. അത് മനസ്സിലാക്കി നമ്മുടെ സൺഡേ സ്കൂൾ പ്രവർത്തനങ്ങളെ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ നമ്മുടെ സഹോദരന്മാർക്ക് കഴിയുന്നു എന്നത് വളരെ അഭിമാനകരമാണ്. കൂടുതൽ ശക്തരായി പ്രവർത്തിക്കുവാൻ ദൈവം അവരെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എല്ലാവിധ വിജയാശംസകളും നേരുന്നു.

എന്ന് ക്രിസ്തുവിൽ നിങ്ങളുടെ സഹോദരൻ



**Rev. V.C. Abraham**
Asst. Superintendent
AG Malabar District Council



**Rev. K.K. Mathew**
Secretary
AG Malabar District Council

അസംബ്ലീസ് ഓഫ് ഗോഡ് മലബാർ ഡിസ്ട്രിക്ട് കൗൺസിൽ സൺഡേ സ്കൂൾ കമ്മറ്റി മുൻകൈയ്യെടുത്ത് 'Inspire' എന്ന പേരിൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ സന്തോഷിക്കുന്നു. മലബാറിലെ സൺഡേ സ്കൂൾ കമ്മറ്റി ഇദംപ്രഥമായി നടത്തുന്ന ഈ സംരംഭത്തെ അഭിനന്ദിക്കുകയും, അതിന്റെ മുഖ്യ ചുമതലക്കാരായ സൺഡേസ്കൂൾ ഡയറക്ടർ ഇവ്വാ. ജോയി മുളയ്ക്കലിനേയും സെക്രട്ടറി കം ട്രഷററായി പ്രവർത്തിക്കുന്ന ബ്രദർ തോംസൺ ഒറ്റത്തെങ്ങിലിനേയും പ്രത്യേകം അഭിനന്ദിക്കുകയും ചെയ്യുന്നു. ഈ കമ്മറ്റി ചാർജ്ജ് എടുത്തതിനുശേഷം സൺഡേ സ്കൂൾ പ്രവർത്തനങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ യത്നിക്കുന്നു എന്നു കാണുന്നതിൽ സന്തോഷമുണ്ട്. ഈ പ്രസിദ്ധീകരണത്തിന്റെ പേരുപോലെ തന്നെ സൺഡേ സ്കൂൾ പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകുന്ന ഒരു സംരംഭം ആയി ഇത് മാറട്ടെ എന്ന് ആശംസിക്കുന്നു.

## ആശംസകൾ

അസംബ്ലീസ് ഓഫ് ഗോഡിന്റെ മലബാർ ഏരിയയിലുള്ള മക്കൾക്ക് ആവേശവും അനുഗ്രഹവുമായി തീർന്നുക്കൊണ്ടിരിക്കുന്ന ഡിസ്ട്രിക്ട് സണ്ടേസ്ക്കൂളിന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദൈവത്തിന് സ്തോത്രം ചെയ്യുന്നു. ഡിസ്ട്രിക്ടിന്റെ ആരംഭകാലങ്ങളിൽ ഈ പ്രവർത്തനങ്ങൾക്ക് വ്യക്തമായ അടിത്തറ പാകിയ ബഹു: എൽ .ജസ്റ്റസ് സാറിനെ നന്ദിയോടെ ഓർക്കുന്നു. ഇപ്പോൾ ഡിസ്ട്രിക്ട് സണ്ടേസ്ക്കൂളിന്റെ മുൻ നിരയിൽ നിന്നുക്കൊണ്ട് വളരെ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുന്ന ഇവാ: ജോയി മുളക്കലിനേയും തോംസൺ ഒറ്റത്തെങ്ങിലിനേയും പ്രത്യേകാൽ അഭിനന്ദിക്കുന്നു. വഷളത്വം പെരുകിക്കൊണ്ടിരിക്കുന്ന ഈ തലമുറയിൽ കുഞ്ഞുങ്ങളെ നേരായ പാതയിൽ നയിക്കുവാൻ ഡിസ്ട്രിക്ട് സണ്ടേസ്ക്കൂളിന് ഇനിയും കഴിയുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം എല്ലാവിധ ഭാവുകങ്ങളും നേർന്നുക്കൊള്ളുന്നു.



**Rev. T.O. Sabu**
Treasurer
AG Malabar District Council


*Best Compliments*

# ASSEMBLY OF GOD CHURCH
## THALASSERY, KANNUR SECTION



*Contact:*
Pr. Sunny Mathew
AG Church, Hollow Way Road
Thalassery – 670101
Mob: 9400 644 232
9349 857 923

# ആശംസകൾ

അസംബ്ലീസ് ഓഫ് ഗോഡ് മലബാർ ഡിസ്ട്രിക്ട് കൗൺസിലിന്റെ രൂപീകരണം മുതൽ വിവിധ വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട് പിന്നിട്ട 19 വർഷങ്ങൾ അത്യുന്നതനായ ദൈവം ഈ കൂട്ടായ്മയെ നിലനിർത്തുകയും വളർത്തുകയും ചെയ്തതോർത്ത് നന്ദിയോടെ കർത്താവിന് സ്തോത്രം ചെയ്യുന്നു.

അനിവാര്യമായ ആവശ്യങ്ങൾ അനവധിയും, സാധ്യതകൾ കുറവുമായിരുന്ന പ്രാരംഭ കാലങ്ങളിൽ പോലും അൽപകാര്യങ്ങളുടെ ദിവസത്തെ തുച്ഛീകരിക്കാത്ത ദൈവത്തിന്റെ (സെഖ. 4:10) കരം പ്രസ്ഥാനത്തിന് അനുകൂലമായിരുന്നു. നേരിട്ട അനേക വെല്ലുവിളികളിൽ പ്രധാനപ്പെട്ട ഒരു വിഷയം സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ പ്രവർത്തനമായിരുന്നു. മലബാർ ഡിസ്ട്രിക്ട് കൗൺസിലിന്റെ ശൈശവാവസ്ഥയിൽ തന്നെ സൺഡേസ്കൂൾ ഡിപ്പാർട്ട്മെന്റ് സമർപ്പിതവും പരിചയ സമ്പന്നനുമായ Br. L. ജസ്റ്റസ് സാറിന്റെയും ടീമിന്റെയും ചുമതലയിൽ വളരെ ഭംഗിയായി ചുവടുകൾ വച്ചുതുടങ്ങി. പുസ്തക രചന, അദ്ധ്യാപക പരിശീലനം തുടങ്ങി എല്ലാ കാര്യങ്ങളും അതിന്റെ ശരിയായ ഗതി പ്രാപിച്ചെടുത്തു.

പല ക്രിസ്തീയ പ്രസ്ഥാനങ്ങളുടേയും സൺഡേസ്കൂൾ ഡിപ്പാർട്ട്മെന്റ് ആർജ്ജിക്കാത്ത തരത്തിൽ ഏ.ജി. മലബാർ സൺഡേസ്കൂൾ പ്രാവീണ്യം നേടിയത് ദൈവകൃപ ഒന്നുകൊണ്ടു മാത്രം. ന്യൂനതകൾ പരിഹരിച്ചും, ആധുനിക മീഡിയകളുടെ നേട്ടങ്ങൾ ഉൾപ്പെടുത്തിയും അത്യുത്സാഹികളായ ഇവാ. ജോയി മുളയ്ക്കലും തോംസൺ ഒറ്റത്തെങ്ങിലും സൺഡേസ്കൂൾ പ്രസ്ഥാനത്തെ നയിക്കുന്നതിൽ അവരെ അഭിനന്ദിക്കുന്നു. ആയിരത്തിൽ അധികം കുഞ്ഞുങ്ങൾ മലബാർ ഡിസ്ട്രിക്ട് സൺഡേസ്കൂൾ ചേർന്നു നിത്യജീവന്റെ വചനങ്ങൾ പഠിക്കുന്നു. നമ്മുടെ സൺഡേസ്കൂൾ പാഠാവലികൾ ഇതര പെന്തക്കോസ്തു പ്രസ്ഥാനങ്ങളും ഉപയോഗിക്കുന്നു എന്ന വസ്തുത നമുക്ക് അഭിമാനിക്കത്തക്കതാണ്. പാഠ്യവിഷയങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാതെ കുഞ്ഞുങ്ങളുടെ കഴിവുകൾ വളർത്തിയെടുക്കുന്ന കാര്യങ്ങളിലും, കൂടാതെ ചാരിറ്റി പ്രവർത്തനം എന്ന നിലയിൽ മെഡിക്കൽ ഹെൽപ്പ്, വിദ്യാഭ്യാസ സഹായം, വിവാഹ സഹായം, സ്വയം തൊഴിലിനുള്ള സഹായങ്ങൾ തുടങ്ങിയവ ചെയ്തുകൊണ്ട് ക്രിസ്തുവിന്റെ ഉപദേശങ്ങൾക്ക് ഊടും പാവും നൽകുന്ന സണ്ടേസ്കൂൾ ഡയറക്ടറേയും, സെക്രട്ടറിയേയും അഭിനന്ദിക്കുന്നു.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കാഹളം ധ്വനിക്കുവോളം കൃപയിലാശ്രയിച്ച് ഏ.ജി. മലബാർ സൺഡേസ്കൂളിനെ നയിപ്പാൻ സർവ്വശക്തനായ ദൈവം പ്രിയമുള്ളവരെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും, 'Inspire' എന്നപേരിൽ പുറത്തിറക്കുന്ന മാഗസിൻ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുകയും ചെയ്യുന്നു.



**Rev. C.V. Wilson**
Comm. Member
AG Malabar District Council




Best Compliments

Lord's Opticals
Opp. Bus stand, AMBALAVAYAL
Wayanad – 673 593

Lord's Laboratory
Opp. Govt. Hospital, AMBALAVAYAL
Wayanad – 673 593



LAND SURVEY WORKS ALSO ARE UNDERTAKEN

GEORGE KUTTY : 9447 318 525, EBENEZER JAYANTH : 9048 371 233

## *Greetings*

It is my pleasure to greet each of you in the name of Jesus our savior.

The Malabar District Sunday School, plays a vital and very effective role in the Malabar District of SIAG.

This department that caters to the spiritual well being of every child is considered as the 'breeding ground' for a more mature, 'mission oriented adults'. May the lives of every child in Malabar District experience joy and happiness in Christ. All your efforts will secure the children eternally as well as lead them to a correct social behavior.

As we are called to be NURTURERS let us continue to Reach into the world to serve and love this generation, Rescue and deliver children from oppression, deception, depression and destruction, Root the children in Christ, His words and His mission and Release children as co-laborers in the Great Commission.

I wish all the officer bearers of the Children Ministry Department of the Malabar District Sunday School the very best as you continue to be faithful to the one who has called you.

Blessings,
A friend of every child.

Rev Patterson SR Lamech
President
Children Ministry Department
South India Assemblies of God



*Best Compliments*







**ASSEBLIES OF GOD**
**MOUNT SINAI**
**WORSHIP CENTRE**
MANANTHAVADY TOWN

Sunday School - 08.45 am to 09.45 am
Sunday Worship - 10.00 am to 12.00 noon
Cottage Meeting - Wednesday 05.30 pm to 07.00 pm
Fasting & Prayer - Friday 10.00 am to 12.00 noon

Senior Pastor Rev. C.V. Wilson, Mob: 9447 53 99 60
Associate Pastor Joy Mulackal, Mob: 9447 54 66 92

# ആശംസകൾ

1997 ൽ അസംബ്ലീസ് ഓഫ് ഗോഡ് മലബാർ ഡിസ്ട്രിക്ട് രൂപീകൃതമായതിനു ശേഷം അത്ഭുതകരമായ വളർച്ചയാണ് നമ്മുടെ പ്രസ്ഥാനത്തിന് ഉണ്ടായത്. അതിൽ ഏറെ അഭിമാനിക്കാവുന്ന വളർച്ചകളിൽ ഒന്ന് നമ്മുടെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ ആണ്. നാഴിക കല്ലുകൾ ഓരോന്നായി പിന്നിടുന്ന ഈ അവസരത്തിൽ ചില ആശംസാ വാക്കുകൾ കുറിക്കുവാൻ ലഭിച്ച അവസരത്തെ വളരെ വിലമതിക്കുന്നു. ഇതര സൺഡേസ്കൂൾ പ്രവർത്തനങ്ങളെ അപേക്ഷിച്ച് മലബാർ ഏ.ജി. സൺഡേസ്കൂൾ ബഹുദൂരം ഇന്ന് മുൻപിലാണ്. കാലോചിതമായി ഉണർന്നു ചിന്തിക്കുന്നതിലും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും നിലവിലുള്ള കമ്മറ്റി പിൻതുടരുന്ന ഉത്സാഹവും കഠിന പ്രയത്നവും ഈ പ്രവർത്തനത്തെ ഏറെ മുൻപിൽ എത്തിച്ചിരിക്കുന്നു.

ക്രിസ്തീയ സമൂഹം ഇന്ന് നേരിടുന്ന ഏറ്റവും കാതലായ കാര്യം വളർന്നുവരുന്ന തലമുറയാണ്. ആത്മീക പാലന കുറവുമൂലം വിടരുന്നതിന് മുൻപേ വാടുന്ന ബാല്യങ്ങളെയും, ലക്ഷ്യങ്ങളിൽ നിന്നും വഴിമാറിപ്പോകുന്ന കൗമാര – യൗവ്വനങ്ങളെയും ആശങ്കയോടെ മാത്രമേ കാണാൻ കഴിയൂ. ഇതിനു നടുവിലാണ് മലബാറിലെ സൺഡേസ്കൂൾ പ്രവർത്തകർ തങ്ങളുടെ ദൗത്യ നിർവ്വഹണം നടത്തുന്നത്. ക്രിസ്തീയ കർമ്മ പദ്ധതികളുമായി മുന്നോട്ടു പോകുന്ന നിലവിലെ സംവിധാനങ്ങൾ വലിയ ആശ്വാസവും പ്രതീക്ഷയുമാണ് നമ്മിൽ നിറക്കുന്നത്. മലബാർ അസംബ്ലീസ് ഓഫ് ഗോഡിലെ ബഹുശതം യുവാക്കളുടെ ഒരു പ്രതിനിധി എന്ന നിലയിൽ, എല്ലാ സൺഡേസ്കൂൾ കുഞ്ഞുങ്ങളേയും പ്രവർത്തകരേയും അഭിമാനത്തോടെ അഭിവാദ്യം ചെയ്യുന്നു. മൂല്യ ബോധവും, ആത്മീക കെട്ടുറപ്പും, ക്രിസ്തീയ സംസ്കാരവുമുള്ള പുതിയ തലമുറയെ വാർത്തെടുക്കുന്നതിൽ വിജയിക്കുവാൻ ദൈവം അനുഗ്രഹിക്കട്ടെ.

*ഡിസ്ട്രിക്ട് ക്രൈസ്റ്റ് അംബാസിഡേർസിന്റെ ആശംസകൾ*



**Pr. Siju Scaria**
President
AG Malabar District CA

അസംബ്ലീസ് ഓഫ് ഗോഡ് മലബാർ ഡിസ്ട്രിക്ട് സൺഡേസ്കൂൾ കമ്മറ്റിയുടെ ബഹുമുഖ പ്രവർത്തനങ്ങൾക്കായി ദൈവത്തെ മഹത്വപ്പെടുത്തുന്നു. കാലോചിതമായി നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സൺഡേസ്കൂൾ കമ്മറ്റിയെ അകമഴിഞ്ഞ് അഭിനന്ദിക്കുന്നു. പുതിയ രൂപവും ഭാവവും കൈക്കൊണ്ട്, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഉണർവ്വും ഉത്തേജനവും നൽകുന്ന നമ്മുടെ സൺഡേസ്കൂൾ, മലബാർ ഡിസ്ട്രിക്ടിനുതന്നെ അഭിമാനമാണ്. പ്രവർത്തനങ്ങളുടെ പുതിയ ചക്രവാളങ്ങളിലേക്ക് ഡിസ്ട്രിക്ട് സൺഡേസ്കൂൾ ഇനിയും ഉയരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഡിസ്ട്രിക്ട് സൺഡേസ്കൂളിന്റെ നേതൃത്വത്തിൽ പുറത്തിറക്കുന്ന ഈ മാഗസിൻ അനേകർക്ക് അനുഗ്രഹമായി തീരട്ടെയെന്ന് ആശംസിക്കുന്നു.



**Sr. Suseela Jacob**
President
AG Malabar District WMC

## Greetings



Evg. L. Justus
Former Director, Malabar District Sunday School

*Isaiah 43:19 "Behold, I do a new thing - I will make a road in the wilderness and rivers in the desert"*

Part of Bikanir desert in Rajasthan is transformed into a green belt which produces a variety of pulses, vegetables and fruits. This was made possible by diverting water from river Satluj (called Indira Gandhi canal) which otherwise go waste in to the sea. Similarly our Sunday School children and teachers are the storehouse of potentials if they study the word of God with a humble and receptive heart. They can go to un-evangelized areas sowing the word of God and fulfill God's mindset.

Wishing all the best to 'Inspire' magazine which can mould young ones.


*Best Compliments*

# ASSEMBLY OF GOD CHURCH
## MANNARKKAD, PALAKKAD DISTRICT



**Sunday Service** - 10.00 am - 12.30 pm
**Sunday School** - 09.00 am - 10.00 am
**Bible Class (Tuesday)** - 06.30 pm - 08.00 pm
**Fasting Prayer (Friday)** - 10.00 am - 01.00 pm
**C.A. Meeting (Third Sunday)** - 12.30 pm - 01.30 pm

*Contact:*
Pastor Dr. V. J. Samuel
(District Veterinary Officer - Retired)
Aswas, Arakurussi Road
Mannarkkad Post, Palakkad – 678 582
Ph: 04924 222836, Mob: +91 9447 532 671

## Greetings

It is my pleasure to greet each of you in the name of Jesus our savior.

The Malabar District Sunday School, plays a vital and very effective role in the Malabar District of SIAG.

This department that caters to the spiritual well being of every child is considered as the 'breeding ground' for a more mature, 'mission oriented adults'. May the lives of every child in Malabar District experience joy and happiness in Christ. All your efforts will secure the children eternally as well as lead them to a correct social behavior.

As we are called to be NURTURERS let us continue to Reach into the world to serve and love this generation, Rescue and deliver children from oppression, deception, depression and destruction, Root the children in Christ, His words and His mission and Release children as co-laborers in the Great Commission.

I wish all the officer bearers of the Children Ministry Department of the Malabar District Sunday School the very best as you continue to be faithful to the one who has called you.

Blessings,
A friend of every child.

Rev Patterson SR Lamech
President
Children Ministry Department
South India Assemblies of God




*Best Compliments*







മാനന്തവാടി പട്ടണത്തിൽ
ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുവാൻ

**ASSEBLIES OF GOD**
**MOUNT SINAI**
**WORSHIP CENTRE**
**MANANTHAVADY TOWN**

Near BSNL, Mananthavady Post, Wayanad - 670645

Sunday School - 08.45 am to 09.45 am
Sunday Worship - 10.00 am to 12.00 noon
Cottage Meeting - Wednesday 05.30 pm to 07.00 pm
Fasting & Prayer - Friday 10.00 am to 12.00 noon

Senior Pastor Rev. C.V. Wilson, Mob: 9447 53 99 60
Associate Pastor Joy Mulackal, Mob: 9447 54 66 92





ലിജി ജോബി
സൺഡേസ്കൂൾ ഹെഡ് മിസ്ട്രസ്
തലശ്ശേരി.

# യേശു തന്ന പുതിയ കല്പന

എന്താണ് യേശു നമുക്കു തന്ന പുതിയ കല്പന? നമുക്ക് യോഹന്നാന്റെ സുവിശേഷം 13 –ാം അദ്ധ്യായത്തിലൂടെ ഒന്നു നടക്കാം. (യോഹന്നാൻ 13:34) "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നേ." എങ്ങനെയാണ് സ്നേഹം പുതിയ ഒരു കല്പന ആകുന്നത്? യോഹന്നാൻ 13:34 ന്റെ രണ്ടാം പകുതിയിലൂടെ യേശു നമുക്ക് അത് വ്യക്തമാക്കിത്തരുന്നു. 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ'.

യേശുവിന്റെ സ്നേഹം എങ്ങനെയുള്ളതെന്ന് നമുക്കെല്ലാവർക്കും അറിയാം. നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ അവൻ നമ്മെ സ്നേഹിച്ചു.

സാക്ഷാൽ സ്നേഹം എന്തെന്ന് 1 യോഹ. 4:10 ൽ കാണാം – "നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാൻ അയച്ചതു തന്നേ സാക്ഷാൽ സ്നേഹം ആകുന്നു." നമ്മിലുള്ള എല്ലാ കുറവുകളേയും മറന്ന് നമ്മെ ആഴമായി സ്നേഹിക്കാൻ കഴിയുന്നു എങ്കിൽ അതാണ് സാക്ഷാൽ സ്നേഹം.

ഞാനൊന്നു ചോദിക്കട്ടെ, നാം എല്ലാവരും ക്രിസ്തുവിന്റെ സഭയിലെ/ കുടുംബത്തിലെ അംഗങ്ങളാണ്. യേശു നമുക്കു തന്ന പുതിയ കല്പന പ്രകാരം യേശു നമ്മെ സ്നേഹിച്ചതുപോലെ നാമും അന്യോന്യം സ്നേഹിക്കേണം എന്നത്രേ. എങ്കിൽ നമുക്കൊന്നു നോക്കാം, നമ്മുടെ അടുത്ത് സഭാകൂടിവരവിന് അഥവാ ആരാധനയ്ക്ക് ഇരിക്കുന്ന അഞ്ച് പേരുടെ പത്ത് ഗുണങ്ങൾ എഴുതാൻ പറഞ്ഞാൽ നമ്മിൽ എത്ര പേർക്ക് അതിന് സാധിക്കും? അതോ, നമ്മുടെ മനസ്സിൽ ആദ്യം ഓടിയെത്തുന്നത് അയാളുടെ കുറവുകളാണോ? എങ്കിൽ നാം ഒരിക്കൽ കൂടി നമ്മേത്തന്നെ ശോധന ചെയ്യേണ്ടിയിരിക്കുന്നു. യേശു തന്ന ഈ പുതിയ കല്പന നാം പാലിക്കേണ്ടതാണ്.

യോഹന്നാൻ 13: 35 ൽ യേശു പറയുന്നു, "നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യൻമാർ എന്നു എല്ലാവരും അറിയും." യേശുവിന്റെ ശിഷ്യ അഥവാ ശിഷ്യൻ ആണ് നമ്മളെന്ന് നാം ആരോടും കൊട്ടിഘോഷിക്കേണ്ട ആവശ്യമില്ല. കാരണം, ഒരു കുട്ടി ഏത് സ്കൂളിലാണ് പഠിക്കുന്നത് എന്ന് ആ കുട്ടി പറയാതെതന്നെ നമുക്ക് ആ കുട്ടിയുടെ കഴുത്തിലിട്ടിരിക്കുന്ന ഐഡന്റിറ്റി കാർഡിൽ നിന്നും വ്യക്തമാകുന്നത് പോലെ, നമ്മൾ യേശുവിന്റെ ശിഷ്യരാണ് എന്നുള്ളതിന്റെ ഐഡന്റിറ്റിയാണ് നമ്മൾ തമ്മിലുള്ള സ്നേഹം.

സ്നേഹം നിർവ്യാജമായിരിക്കട്ടെ. ആയതിനാൽ നമ്മൾ തമ്മിലുള്ള സ്നേഹത്തിന്റെ അർത്ഥവ്യാപ്തി 1 കൊരി. 13 –ാം അദ്ധ്യായത്തിൽ പറയുന്ന പ്രകാരം ആയിത്തീരട്ടെ എന്ന് ദൈവ സന്നിധിയിൽ പ്രാർത്ഥിക്കുന്നു.

# മാറാത്ത സ്നേഹം

ലോകത്തിൻ സ്നേഹം മാറുന്ന സ്നേഹം
മാറാത്ത സ്നേഹം യേശുവിൻ സ്നേഹം
ലോകക്കാരെല്ലാരും മറക്കുന്ന നേരം
കൂടെവരുന്നോരേശുവിൻ സ്നേഹം
കാണുന്നു ഞാനെൻ കൂടെയിരിക്കും
മാറാത്ത സ്നേഹം എൻ യേശുവിൻ സ്നേഹം



ഗായസ്സ് ബെൻ തോമസ്
മട്ടന്നൂർ, ഇരിട്ടി



# ശാശ്വത മൂല്യങ്ങളെ കൈവെടിയാതെ



പാ. കെ.യു. പീറ്റർ
രജിസ്ട്രാർ,
ട്രിനിറ്റി ബൈബിൾ കോളേജ്

സാങ്കേതിക വിദ്യകളും വിജ്ഞാന വിസ്മയങ്ങളും പ്രകാശ വേഗത്തിൽ ഉയരുകയാണ്. മുൻ തലമുറകളെ അപേക്ഷിച്ച് ഇപ്പോഴത്തെ തലമുറയ്ക്ക്, വിശേഷാൽ കുട്ടികൾക്ക് അറിവുകളുടേയും സൗകര്യങ്ങളുടേയും അതിവിശാലമായ ലോകമാണ് തുറന്നു കിട്ടിയിരിക്കുന്നത്. വിദ്യാഭ്യാസത്തിനും ജീവിതാഭിവൃദ്ധിക്കും ഉതകുന്ന ആധുനിക സംവിധാനങ്ങൾ തീർച്ചയായും പ്രയോജനകരവും ഒഴിച്ചുകൂടാനാവാത്തതുമാണ്. അപ്പോൾത്തന്നെ ജീവിതത്തിന് സുസ്ഥിരമായ ചൈതന്യം നൽകുന്ന അടിസ്ഥാന മൂല്യങ്ങൾ നഷ്ടപ്പെട്ടുപോകുന്നുണ്ടെങ്കിൽ എല്ലാവരും അതേക്കുറിച്ച് ജാഗ്രത പുലർത്തേണ്ടതാണ്.

## വിദ്യ, വിജ്ഞാനം, സ്വഭാവം

വിദ്യാഭ്യാസ മണ്ഡലത്തിലെ അന്ധമായ മത്സരത്തിന്റെ ഇരകളായി ഇന്ന് ഒട്ടുമിക്ക മാതാപിതാക്കളും തീർന്നുപോയതിനാൽ – മക്കൾക്ക് ഏതുവിധേനയും ചിലവേറിയ 'ഹൈ–ടെക് വിദ്യാഭ്യാസം' നൽകുവാൻ മത്സരിക്കുകയാണ്. ശാസ്ത്രവും ഗണിതവും കംപ്യൂട്ടർ വൈദഗ്ദ്യവും മറ്റ് പലതും പമ്പുചെയ്തു കയറ്റിയിട്ട് ഇന്ന് നമ്മുടെ കുട്ടികൾ വിദ്യാഭാരം കൊണ്ട് വീർപ്പുമുട്ടുകയാണ്! അറിവുകൾ കുത്തിനിറച്ചതിന്റെ ഫലമായി വീർത്ത തലകളും ചുരുങ്ങിപ്പോയ ഹൃദയങ്ങളുമാണ് ഇന്നത്തെ തലമുറയുടെ ഒരു പ്രതീകാത്മക ചിത്രം!

പഴയ തലമുറയിൽ ഉന്നത വിദ്യാഭ്യാസം കുറവായിരുന്നെങ്കിലും ജീവിത ദർശനത്തിന് പ്രാധാന്യം കൊടുത്തിരുന്നു. വിദ്യാഭ്യാസത്തിന്റെ അതിപ്രധാനമായ മൂന്ന് ലക്ഷ്യങ്ങൾ എല്ലാവരും ഓർത്തിരിക്കേണ്ടതാണ്:

1. ബുദ്ധിശക്തിയെ പരിപോഷിപ്പിക്കുക
2. ശരിയായ ജീവിത ദർശനം നേടുക
3. സ്വഭാവ രൂപീകരണം നേടുക

## ആത്മീയ മൂല്യങ്ങൾ, വിശ്വാസ പാഠങ്ങൾ

പഴയനിയമ ചരിത്രത്തിലെ പ്രവാചകൻമാരുടെ നിരയിൽ ദൈവം അഭിമുഖമായി സംസാരിക്കുകയും ദൈവത്തെ ഏറ്റവും അടുത്ത് അറിയുകയും ചെയ്ത വ്യക്തി മോശെയാണ്. ദൈവത്തിന്റെ പ്രത്യേക പദ്ധതിപ്രകാരം, മിസ്രയീമിലെ രാജകൊട്ടാരത്തിൽ വളർത്തപ്പെട്ട മോശെക്ക് മിസ്രയീമിലെ ഏറ്റവും ഉന്നതമായ വിദ്യാഭ്യാസം ലഭിച്ചു. എങ്കിലും ലോകോത്തരമായ മിസ്രയീമ്യ സർവ്വകലാശാലകളിൽ നിന്നും ലഭ്യമായ വിദ്യാഭ്യാസത്തേക്കാൾ തന്റെ ജീവിത ദൗത്യത്തിൽ വിജയിക്കുന്നതിന് മോശെക്ക് ഏറ്റവും സഹായമായിത്തീർന്നത് അമ്മയുടെ മടിത്തട്ട് എന്ന യൂണിവേഴ്സിറ്റിയിൽ നിന്നും പകർന്നു കിട്ടിയ വിശ്വാസത്തിന്റെ പാഠങ്ങളായിരുന്നു.

യിസ്രായേലിന്റെ രാഷ്ട്രശിൽപിയെന്ന നിലയിലുള്ള മോശെയുടെ ജീവിത വിജയങ്ങളെക്കുറിച്ച് സാക്ഷീകരിക്കുമ്പോൾ എബ്രായ ലേഖന കർത്താവ് ചേർത്തിരിക്കുന്ന പദം: ' വിശ്വാസത്താൽ മോശെ' എന്നാണ്. വിദ്യാബഹുത്വം കൊണ്ടല്ല മോശെ ജീവിത വിജയം നേടിയത്, പ്രത്യുത ദൈവത്തിലുള്ള ആശ്രയം കൊണ്ടാണെന്ന് സാരം.

ലോകത്തിലെ ഏറ്റവും വലിയ യൂണിവേഴ്സിറ്റി അമ്മയുടെ മടിത്തട്ട് ആണെന്ന് ബുദ്ധിയുള്ള ആരോ പറഞ്ഞിട്ടുണ്ട്. സ്വന്തം മകനെ മുലയൂട്ടി വളർത്തിയതിന് രാജകൊട്ടാരത്തിൽ നിന്നും പ്രതിമാസ ശമ്പളം വാങ്ങിയ ചരിത്രത്തിലെ ആദ്യ അമ്മയായ യോഖെബേദ്– പൂർവ്വ പിതാക്കന്മാർക്ക് ദൈവത്തിൽ നിന്നും ലഭിച്ചിട്ടുള്ളതും എബ്രായ ജനതയ്ക്ക് ആസന്ന ഭാവിയിൽ നിറവേറാനുള്ളതുമായ വാഗ്ദത്തങ്ങളേക്കുറിച്ച് മടിയിലിരിക്കുന്ന മകന് പറഞ്ഞുകൊടുത്തു. അങ്ങനെ ആ കുരുന്നു മനസ്സിൽ വീണ വിശ്വാസത്തിന്റെ വിത്തുകൾക്ക് ഏറിയ വർഷങ്ങൾക്ക് ശേഷം ഒരു വിളവെടുപ്പുണ്ടായി. അവിടെ ഒരു പുറപ്പാടിന്റെ ചരിത്രം (Exodus) രൂപം കൊണ്ടു. മാതാപിതാക്കൾ തങ്ങളുടെ മക്കളോടുള്ള ധാർമ്മികവും ആത്മീകവുമായ പ്രതിബദ്ധതകൾ നിറവേറ്റുന്നതിന്റെ ഗുണഫലങ്ങളുടെ ഒരു നേർചിത്രമാണ് മോശെയുടെ ചരിത്രം.

## സ്മാർട്ട് ആയാൽ പോരാ; സ്വഭാവ ശുദ്ധി വേണം

ഇന്നത്തേത് മിടുക്കൻമാരുടേയും മിടുക്കികളുടേയും ലോകമെന്നത്രെ പറയുന്നത്. സ്മാർട്ട് ഫോൺ ഉപയോഗിക്കുകയും ഏറ്റവും അത്യാധുനിക കംപ്യൂട്ടർ ഉപയോഗിക്കുകയും ചെയ്താൽ കുട്ടികൾ സ്മാർട്ടാകുമോ? ജീവിതത്തെ തിളക്കമുള്ളതാക്കുന്നത് ഇങ്ങനെ പുറമേയുള്ള ചില മോടികളല്ല, അതിന് ആന്തരിക യോഗ്യതകൾ (സ്വഭാവം) വേണം. തിരുവെഴുത്തിന്റെ ആജ്ഞ ശ്രദ്ധിക്കുക, 'മകനെ, എന്റെ വചനങ്ങളെ നിന്റെ ഹൃദയത്തിന്റെ നടുവിൽ സൂക്ഷിച്ചു വെക്കുക.. സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക, ജീവന്റെ ഉത്ഭവം അതിൽ നിന്നല്ലോ' (സദൃ. 4: 21,23). മികവുകളുടെ (Excellence) പിന്നാലെ പാഞ്ഞാൽ പരാജയപ്പെട്ടേക്കാം. സ്വഭാവ ശുദ്ധിയെ മുറുകെ പിടിച്ചാൽ ദുഃഖിക്കേണ്ടി വരില്ല. നിഷ്കളങ്കത കൈവിടാതെ യോസെഫ്, മിസ്രയീമിലെ ജീവിത കാലത്ത് സ്വഭാവ ശുദ്ധിക്കുവേണ്ടി പൊരുതി.

ദാനിയേൽ വിശ്വസ്തത (ഉൽകൃഷ്ട മനസ്സ്) എന്ന കൊടി ഉയർത്തി, ബാബേലിന്റെ പതാക അവന്റെ മുൻപിൽ നിഷ്പ്രഭമായി. ദാനിയേൽ ഒരിക്കലും ബാബിലോൺ സംസ്കാരത്തോട് ഇഴുകിച്ചേർന്നില്ല. ബാബിലോൺ ദാനിയേലിന്റെ വഴിക്ക് വന്നു. ആതാണ് ദൈവാശ്രയത്വത്തിന്റേയും സ്വഭാവ ശുദ്ധിയുടേയും വിജയം!

ഇന്നത്തെ സമൂഹം 'സെൽഫ് ഹെൽപ്പ്' (Self Help) പുസ്തകങ്ങളുടെ പിറകേ പോകുന്നു. സത്യത്തിൽ ഇതൊരു തെറ്റായ മുദ്രാവാക്യമാണ്. അതിൽ ചതിയുണ്ട്. 'Self Help' (സ്വയം സഹായം) അല്ല 'God's Help' (ദൈവ സഹായം) അതാണ് ശരി.

വാത്സല്യമുള്ള സണ്ടേസ്കൂൾ വിദ്യാർത്ഥികളെ, വിശുദ്ധ ബൈബിളാണ് നിങ്ങളുടെ പാഠപുസ്തകം. ലോകത്തിൽ വെച്ച് ഏറ്റവും ശക്തിയേറിയതും പൂർണ്ണമായി സത്യവുമായ ഏക പുസ്തകം ഇതാണ്. ദൈവവചനം നിങ്ങളിൽ വസിക്കയാൽ നിങ്ങൾ ശക്തരാണ്, ദുഷ്ടനെ നിങ്ങൾക്ക് ജയിക്കുവാനും കഴിയും. സ്വഭാവശുദ്ധിയെ (Character) ലക്ഷ്യം വയ്ക്കുക, മികവുകൾ (Excellence) പിന്നാലെ വന്നുകൊള്ളും.

അസംബ്ലീസ് ഓഫ് ഗോഡ് മലബാർ ഡിസ്ട്രിക്ട് സണ്ടേസ്കൂൾ സാരഥികൾ തുടക്കമിട്ടിരിക്കുന്ന 'Inspire' എന്ന ഈ പ്രസിദ്ധീകരണത്തിന് സർവ്വവിധ ആശംസകളും നേരുന്നു.

# Good Servant



JOYAL JOHN
MEENANGADI, BATHERY

Once upon a time there lived a family consisting of a father and his daughter. They had a servant too, whose name was Joshua who was a person with a "right to God" attitude and faithful in his duties.

This father was living only for his daughter. After his wife's death, he was more conscious about his daughter. One day they planned a trip of one week to Jammu & Kashmir.

Father appointed Joshua, the servant to take care of the house and animals in their absence. But the daughter was suspicious of their servant; so she asked her father that why he believed the servant much to leave their property in Joshua's custody in their absence. Then the father said his daughter angrily that "you don't know him and his character, than me!" Still she did not believe Joshua even a bit. But, because her father trusted Joshua, she agreed with him.

The next day morning, they packed everything and set out the journey. They happily spent one week in Jammu & Kashmir and returned back home on Monday night. By seeing how well their servant had been taking care of their house and cattle, the daughter she was very sad that she misunderstood Joshua. Since then, she was very friendly to Joshua; and considered him as a good servant.

"Be a good servant of God thus he will bless us".



# യാഗം



സി.സി. രാജു
സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ
പുൽപ്പള്ളി

കാഴ്ചയിലന്നു മയങ്ങി ആദം
പാപത്തിൻ കനി തിന്നപ്പോൾ
ചീറ്റിയ സർപ്പവിഷത്തിൻ അഗ്നി
ചേറ്റിലുരുണ്ടു പുതഞ്ഞൊരു കാലം
ചുട്ടുപഴുക്കും മരുവിൽ അന്ന്
കത്തിയ അഗ്നിത്തൂണുകളവരുടെ
കൊച്ചുകിടാങ്ങൾക്കാശ്രയമായ്
മേഘത്തൂണുകളും
അമ്മ പകർന്ന മുലപ്പാലിൻ രുചി
ചുണ്ടിലമർന്നൊരു കാളവിഷത്തിൻ
മുപ്പത് വെള്ളിക്കാശിന് ഒറ്റിയ
തൻ പ്രിയ ഗുരുവിൻ സ്നേഹദിനങ്ങൾ
നീധിമയങ്ങിയ കണ്ണിനു മുൻപിൽ
ആരവമിട്ട ക്രൗര്യ മുഖങ്ങൾ
കൊത്തിത്തിന്നും ആക്രമുഖങ്ങൾ
കൈകൾ കഴുകിയ പീലാത്തോസും
താഴെ ഗബഥയിൽ തല കീറി
ചുടു ചോരയൊലിക്കും ശാന്ത മുഖം
സൂര്യനെ വെല്ലും കാന്തിയെഴും
പ്രിയ തേജസാർന്നൊരു പൊന്നുമുഖം
സ്വപനത്തിലവൻ ഒത്തിരി അകലെ
കൊച്ചുകിടാങ്ങൾക്കിത്തിരി അരികേ
ഒരു ബാല്യം നിറ കണ്ണുതുടയ്ക്കാൻ
വരവായ് ഒരുകൈ പ്രാർത്ഥനയേറ്റി
മയങ്ങുന്നാതുരം ശയ്യയിലാർദ്രം
ദൂരെയിരുന്നവർ ചോദിച്ചു
ആരാ നിന്നുടെ സ്വപ്നത്തിൽ
പ്രയോജനമില്ലാത്തൊരു സ്വപ്നം
പാടെ തട്ടി പായിക്കാ
യുദ്ധം ഉണ്ടെന്നോർക്കുക നീ
ഏറ്റം ആയുധ വർഗ്ഗങ്ങൾ
കാഴിചയിലാരും കാണാത്ത
പേയിൻ തന്ത കടവെട്ടാം.
ചേരും കൈകൾ കോർത്തീടാം
പേരും പോരുമുപേക്ഷിക്കാം
ആരും കേൾക്കത്തക്ക വിധത്തിൽ
ചൊല്ലാം യേശുവിൻ സുവിശേഷം.

# എൻ സ്വന്ത രാജ്യത്തിൽ



നിക്സൺ സന്തോഷ്
രാജപുരം

എൻ സ്വന്ത രാജ്യത്തിൽ
എത്തുവാനായി ഞാൻ വാഞ്ജിക്കുന്നു
അങ്ങ് എൻ രാജ്യത്തിൽ
ചെല്ലുവാനായി ഞാൻ ഓടിടുന്നു
എൻ വിരുതിനായി
ഭാവിയെ ഓർത്തു ഞാൻ ആകുലനാകില്ല
നാളെയെ ഓർത്തിനി ഭാരമില്ല
എന്നെ മെനഞ്ഞവൻ എൻ കൂടെയുള്ളപ്പോൾ
ആകുല ചിന്തകൾ ലേശമില്ല
ഇവിടല്ല എൻ രാജ്യം
ഇവിടല്ല എൻ വീട്
എത്തിടുമേ ഞാൻ
വേഗത്തിൽ എൻ നാട്ടിൽ

# എൻ നാഥൻ



ഡെയ്സി ജെ.
അരപ്പറ്റ, കൽപ്പറ്റ

മാറും എല്ലാം എൻ നാഥന്റെ മുൻപിൽ
ജീവിതം അവസാനിച്ചു എന്ന് ഞാൻ നിനച്ചു
സ്നേഹിച്ചവരും വിശ്വസിച്ചവരും എന്നെ കൈവിട്ടപ്പോൾ
ഞാൻ തേടി ഒരു ഇത്തിരി സ്നേഹത്തെ
ആരെയും കണ്ടില്ലാ, ആരും എന്നെ അറിഞ്ഞില്ലാ
ആർക്കും വേണ്ടാതായ എന്റെ ഈ ജീവിതം
ആർക്കുവേണ്ടി ഇനി ആർക്കുവേണ്ടി
സ്നഹിച്ചവരും ആശ്രയിച്ചവരും അപമാനിച്ച നിമിഷങ്ങളിൽ
കരയണമെന്ന് തോന്നി പക്ഷേ കരയുവാൻ
എന്റെ കണ്ണിൽ കണ്ണുനീർപോലും ഇല്ലാതായി
സ്നേഹം എന്നാൽ വെറും അഭിനയമാണെന്ന് കരുതിയ വേളയിൽ
ഞാൻ കേട്ടു സ്നേഹവാനായ കർത്താവിനെ കുറിച്ച്
പിന്നെ എന്റെ തേടൽ ആ ദൈവസ്നേഹത്തിലേക്ക് ആയിരുന്നു.
മാറി ഞാൻ, മാറ്റിയെൻ നാഥൻ
മഹത്വം മുഴുവൻ അവനു മാത്രം



# പ്രാർത്ഥനയാൽ മുളച്ച സ്വപ്നങ്ങൾ



സിജി ജോസഫ്
ചിറക്കപ്പടി, മണ്ണാർക്കാട്

കടുത്ത പ്രതികൂല സാഹചര്യങ്ങളിലൂടെ കടന്നു പോകുമ്പോഴാണ് ഒരു ജീവിതത്തിന്റെ രുചിഭേദങ്ങൾ നമുക്ക് കാണാൻ സാധിക്കുന്നത്. ഇൻഡ്യയിൽ ജനിച്ചുവളർന്ന ആനി എന്ന ഒരു യുവതിയുടെ ജീവിത കഥയിലൂടെയാണ് നാം കടന്നു പോകുന്നത്. ദൈവകരങ്ങളുടെ അദൃശ്യസ്പർശം അനുഭവിച്ചറിയുവാൻ ധാരാളം സാധിച്ചു.

തങ്കച്ചന്റെയും റോസമ്മയുടെയും മകളായി 1976 മെയ് 2 ന് ഒരു ഇടത്തരം കത്തോലിക്കാ കുടുംബത്തിലാണ് ആനി ജനിച്ചത്. രണ്ട് സഹോദരൻമാർക്ക് ആകെയുള്ള സഹോദരി ആയിരുന്നു ഏറ്റവും ഇളയവളായ ആനി. വീട്ടിൽ ഏറ്റവും കൂടുതൽ മാതാപിതാക്കളുടെ സ്നേഹവും ലാളനയുമേറ്റത് ആനിയ്ക്കായിരുന്നു. ആനിക്ക് എട്ട് വയസ്സ് ഉള്ളപ്പോഴാണ് ആ കുടുംബം വിശ്വാസത്തിലേക്ക് കടന്നുവരുന്നത്. അവർ അടുത്തുള്ള പെന്തക്കോസ്ത് ആരാധനയ്ക്ക് കടന്നു പോകുവാൻ തുടങ്ങി. എന്നാൽ അവരുടെ ബന്ധുമിത്രാതികൾക്ക് ഇത് അത്ര തൃപ്തികരമല്ലാത്തതിനാൽ അവർ ആനിയുടെ കുടുംബത്തെ ഒറ്റപ്പെടുത്തി. എങ്കിലും അവർ തളരാതെ ദൈവത്തെ ആരാധിച്ച് മുന്നോട്ടുപോന്നു. ആനി നല്ലൊരു ആത്മീയ ജീവിതത്തിന്റെ ഉടമയായിരുന്നു.

അങ്ങനെ കാലം നീങ്ങി, കാലത്തിനനുസരിച്ച് ആനിയുടെ പ്രായവും. ആനി പഠനം കഴിഞ്ഞ് അടുത്തുള്ള ഒരു ആശുപത്രിയിൽ നഴ്സായി ജോലിക്കു പ്രവേശിച്ചു. അവൾക്ക് വിവാഹ പ്രായമെത്തിയപ്പോൾ വീട്ടിൽ അതിനേപ്പറ്റി ചർച്ചയായി. എന്നാൽ അവളുടെ മനസ്സിൽ വിവാഹത്തിനോട് ഒരുതരം അമർഷമായിരുന്നു. തന്റെ കൂടെപിറപ്പുകളേയും മാതാപിതാക്കളേയും വിട്ടുപിരിയുന്നത് അവൾക്ക് ചിന്തിക്കാൻ പോലും സാധിച്ചിരുന്നില്ല. വളരെ നിഷ്കളങ്കയും സമാധാന പ്രിയയുമായിരുന്നു ആനി. സമൂഹത്തിൽ നല്ലൊരു സാക്ഷ്യവും അവൾക്കുണ്ടായിരുന്നു. പക്ഷേ വീട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങി ഒടുവിൽ അവൾ വിവാഹത്തിനു സമ്മതം മൂളി. മനസ്സ് കല്ലാക്കിയാണ് അവൾ ആ തീരുമാനം എടുത്തത്. സുന്ദരനും സുമുഖനുമായ ജെയിംസ് എന്ന ബിസിനസ്സുകാരനെയാണ് അവൾക്കുവേണ്ടി വിവാഹം ഉറപ്പിച്ചത്.

അങ്ങനെ 1997 ജനുവരി 28 ന് അവരുടെ വിവാഹം നടന്നു. അവൾ ആഗ്രഹിച്ചില്ലെങ്കിലും അവൾ ഒരു കുടുംബിനിയായി. ആദ്യകാലങ്ങളിൽ അവൾ ദുഖിച്ചെങ്കിലും കാലങ്ങൾ മുൻപോട്ടു പോയപ്പോൾ അതെല്ലാം മാറി, ജീവിതത്തിൽ വെളിച്ചമേകി ആനി ഒരു പെൺ പൈതലിന് ജന്മം നൽകി. കാലങ്ങൾ കഴിയുംതോറും ഭർത്താവിന് ആനിയോടുള്ള സ്നേഹം കുറയുവാൻ തുടങ്ങി. അങ്ങനെ കുഞ്ഞിന് മൂന്നു മാസം പ്രായമായപ്പോഴേക്കും ജോലിക്കു പോകുവാൻ അയാൾ ആനിയെ നിർബന്ധിച്ചു. കുഞ്ഞിനെ ആരുനോക്കുമെന്ന് കരുതി അവൾ വിഷമിച്ചു. എന്നാൽ ഭർത്താവിന്റെ ഉപദ്രവം നിമിത്തം കുഞ്ഞിനെ അടുത്ത വീട്ടിലെ സ്ത്രീയെ ഏൽപ്പിച്ച് അവൾ ജോലിക്കു പോയി. ആശുപത്രി വീടിനടുത്തായതിനാൽ ഇടയ്ക്ക് ഓടിവന്ന് അവൾ തന്റെ കുഞ്ഞിനെ കാണുമായിരുന്നു. ഭർത്താവിൽ നിന്നും ശാരീരികവും മാനസികവുമായുള്ള പീഢനം നാൾക്കുനാൾ ആനിയുടെ മകൾ ജിൻസിയുടെ പഠനവും വേഗത്തിൽ മുന്നോട്ട് പെ

ഏറിവന്നു. വിവാഹശേഷം സമാധാനം എന്തെന്ന് അവൾ അറിഞ്ഞിട്ടില്ല.

ആനിയുടെ മകൾ ജിൻസിയുടെ പഠനവും വേഗത്തിൽ മുന്നോട്ട് പൊയ്ക്കൊണ്ടിരുന്നു. അങ്ങനെ അവൾ പത്താം ക്ലാസ്സിൽ എത്തി. ഒൻപതാം ക്ലാസ്സുവരെ മിടുക്കിയായിരുന്ന അവൾ പത്താം ക്ലാസ്സിലെ ചില ക്ലാസ് ടെസ്റ്റുകളിൽ പരാജയപ്പെട്ടത് ആനി ശ്രദ്ധിച്ചു. കാരണം അന്വേഷിച്ചപ്പോൾ മകളുടെ കൂട്ടുകെട്ടുകളെപ്പറ്റി ക്ലാസ്സ് ടീച്ചറിൽ നിന്നും ആനി അറിഞ്ഞു. അവളുടെ മൊബൈൽ ഫോൺ ഉപയോഗമാണ് ഇതിനെല്ലാം കാരണമെന്ന് ആനിക്കു മനസ്സിലായി. മകൾക്ക് മൊബൈൽ മേടിച്ചു കൊടുക്കുന്നതിനെ ആനി എതിർത്തുവെങ്കിലും മകളുടെ എല്ലാ ആഗ്രഹങ്ങൾക്കും ജെയിംസ് കൂട്ടുനിന്നു. ആനി മകളെ അടുത്തു വിളിച്ചിരുത്തി വചനങ്ങൾ പറഞ്ഞ് ഉപദേശിച്ചു. അവൾ തലകുലുക്കി സമ്മതിച്ചെങ്കിലും അനുസരിച്ചില്ല. ദിവസങ്ങൾ കഴിയുന്തോറും അവൾ അച്ഛനെ കൂടുതൽ സ്നേഹിക്കുകയും അമ്മയെ വെറുക്കുകയും ചെയ്തു.

ജെയിംസ് കുടുംബം നോക്കാതെയായി. പണമുണ്ടാക്കുന്നതിലും കൂട്ടുകെട്ടുകളിലും മാത്രമായിരുന്നു അയാളുടെ ശ്രദ്ധ. തന്റെ സങ്കടങ്ങൾ ആരോടും പറയുവാനാകാതെ ആനി ദൈവസന്നിധിയിൽ നെടുവീർപ്പിട്ട് പ്രാർത്ഥിക്കുവാൻ തുടങ്ങി. അങ്ങനെ ദൈവം ജിൻസിയുടെ ഉള്ളത്തിൽ ഇടപെട്ടു, അവളുടെ സ്വഭാവങ്ങൾക്ക് മാറ്റം വരുവാൻ തുടങ്ങി. എന്നാൽ അപ്പോഴാണ് തന്റെ ഭർത്താവ് മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടു പോയ വിവരം അവൾ അറിയുന്നത്. ആരെയും വകവയ്ക്കാത്ത ജെയിംസിന്റെ സ്വഭാവം ആരെക്കൊണ്ടും മാറ്റാൻ സാധിക്കില്ലെന്ന് ആനിക്ക് മനസ്സിലായി. ക്രമേണ അയാൾ വീട്ടിലും വരാതെയായി. കർത്താവിനു മാത്രമേ ഇവിടെ പ്രവർത്തിക്കുവാൻ കഴിയുകയുള്ളൂ എന്ന് മനസ്സിലാക്കിയ ആനി വിശ്വാസത്തോടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

ഏകദേശം ഒന്നര വർഷങ്ങൾ കഴിഞ്ഞപ്പോഴാണ് തന്റെ ഭർത്താവിന് ബ്ലഡ്ക്യാൻസർ ആണെന്ന വിവരം ആനി അറിയുന്നത്. അങ്ങനെ എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട് അയാൾ ആശുപത്രി മുറിയിൽ നിലവിളിച്ചു കരഞ്ഞു, ദൈവത്തോട് തന്റെ കുറവുകൾ ഏറ്റുപറഞ്ഞു. അന്നേക്ക് മൂന്നാം നാൾ ജെയിംസിനെ കാണുവാൻ ആനിയും മകളും പ്രതീക്ഷയോടെ കയറിച്ചെന്നു. അവരെ കണ്ടപ്പോൾ ജെയിംസ് കെട്ടിപ്പിടിച്ച് ക്ഷമ പറഞ്ഞു. ആനി വിശ്വാസത്തോടെ ഭർത്താവിന്റെ കയ്യിൽ പിടിച്ച്, ദൈവം ഒന്നും തിന്മയ്ക്കായിട്ടല്ല എല്ലാം നന്മയ്ക്കായി ചെയ്യുന്നു, വിശ്വസിച്ചു പ്രാർത്ഥിച്ചാൽ ദൈവം വിടുതൽ നൽകും എന്ന് പറഞ്ഞ് സ്വർഗ്ഗത്തിലേക്ക് കരങ്ങൾ ഉയർത്തി കണ്ണുനീരോടെ പ്രാർത്ഥിച്ചു. ഡോക്ടർമാർക്ക് പോലും അത്ഭുതം തോന്നുമാറ് ദൈവം ജെയിംസിന് പൂർണ്ണ വിടുതൽ കൊടുത്തു. യേശു ഇന്നും ജീവിക്കുന്നുവെന്ന് ഒരിക്കൽ കൂടി വെളിപ്പെട്ടു. ഇന്ന് ആ കുടുംബം നോർത്ത് ഇൻഡ്യയിൽ ദൈവത്തിന്റെ വേല അനുഗ്രഹകരമായി ചെയ്യുന്നു.

ആനിയുടെ കുടുംബത്തിൽ അത്ഭുതം പ്രവർത്തിച്ച കർത്താവ് നിങ്ങളുടെ എല്ലാ വിഷയങ്ങൾക്കും മറുപടി തരുമെന്ന് ഉറച്ചു വിശ്വസിക്കുക. ദൈവം എല്ലാവരേയും അനുഗ്രഹിക്കുമാറാകട്ടെ.





TIBIN RONY
KOZHIKODE

# The Holy Spirit

The Holy Spirit is God himself, a person with whom you can have a personal relationship. The Holy Spirit is the one whom the Lord gave us to guide, direct and teach the church, and us (John 14: 16). The Holy Spirit is the inner voice that tells us something is wrong with our life. That inner voice is a blessing from God, who loves us enough to show us our error. The Holy Spirit is part of the Trinity. There is one God who is manifested in three persons, the Father the Son and the Holy Spirit.

- The Holy Spirit is eternal (Heb. 9:14)
- The Holy Spirit is omnipresent (Psalm 139:7-10)
- The Holy Spirit is omnipotent (Luke 1:35)

The Holy Spirit convicts us of our sins, shows God's wrath to produce godly fear, and shows us the way to God's salvation through Jesus Christ. And finally Holy Spirit is the promise of Jesus Christ (John 16:7, 14:17)

The Holy Spirit is very active in the lives of human beings today. He is very active in the lives of the unsaved as well as the saved. Without the presence of the Holy Spirit mankind has no hope. We are totally dependent upon Him for our eternal salvation, our wisdom, our courage, and our direction in life.

When we receive Jesus in to our lives the Holy Spirit comes and resides in our hearts forever, available to help us when we face difficulties in our lives. The Holy Spirit testifies of our relationship with God (1John 3:24). The Holy Spirit teaches (John 14:26). The Holy Spirit guides us in the direction God wants for us to go (Rom 8:14).

God shows His love for us, as this Holy Spirit is ever present to help God's children to follow the right path. The Holy Spirit's purpose is always to bring glory to God.

The Holy Spirit directs us, protects the church, edifies, exhorts, and comforts us.

# പുതിയ സൃഷ്ടി



ജെഫിൻ ചാക്കോ
പുതുപ്പാടി, താമരശ്ശേരി

കുന്നിൻ മുകളിലുള്ള ഒരു ചെറിയ ഗ്രാമത്തിൽ ഒരു കുടുംബം താമസിച്ചിരുന്നു, അപ്പുവിന്റെ കുടുംബം. അച്ചനും അമ്മയ്ക്കും ഒപ്പം ഒരു ചെറിയ വീട്ടിലായിരുന്നു അവന്റെ താമസം. കൂടെ കൂടെ വരുന്ന രോഗങ്ങൾ അവരെ വല്ലാതെ അലട്ടി. നാട്ടുകാരുടേയും വീട്ടുകാരുടേയും കയ്യിൽ നിന്നും പണം വാങ്ങിയത് തിരികെ നൽകാൻ കഴിയാതായപ്പോൾ ആകെ ഉണ്ടായിരുന്ന വീടും സ്ഥലവും അവർക്ക് നഷ്ടമായി. എന്നിട്ടും കടങ്ങൾ തീരാതെ വന്നപ്പോൾ അവർ അവിടെ നിന്നും മറ്റൊരു സ്ഥലത്തേക്ക് മാറിപ്പോയി. അവിടെ അവർ കഠിനമായി അദ്ധ്വാനിച്ചിട്ടും സ്ഥിതിക്കൊരു മാറ്റം വന്നില്ല. അദ്ധ്വാനവും രോഗവും മൂലം അവന്റെ പിതാവ് ലോകത്തോട് യാത്രപറഞ്ഞു. രോഗിയായ അമ്മയ്ക്ക് ഒരുനേരത്തെ ഭക്ഷണം നൽകുന്നതിനു വേണ്ടി അവൻ വളരെയധികം ഭാരപ്പെട്ടു. അങ്ങനെ അവൻ ഒരു ജോലി തേടിയിറങ്ങി. എന്നാൽ പലരോട് അന്വേഷിച്ചിട്ടും ഒരു ജോലിയും ലഭിച്ചില്ല. അങ്ങനെ അവൻ ഒരു കൊള്ളപ്പലിശക്കാരനെ കണ്ടുമുട്ടി. അയാൾ അവന് പലിശ പിരിക്കുന്ന ജോലി നൽകി. തൊഴിലിന്റെ ഭാഗമായി അവന് പലരോടും ശണ്ഠ കൂടേണ്ടി വന്നു. ചില നാളുകൾ കൊണ്ടുതന്നെ എല്ലാവരും ഭയപ്പെടുന്ന ഒരു ഗുണ്ടയായി അവൻ മാറി.

ഒരു ദിവസം അവൻ പലിശപ്പിരിവ് നടത്തുമ്പോൾ ഒരു മനുഷ്യൻ റോഡരികിൽ നിന്നു പ്രസംഗിക്കുന്നതു കേട്ടു. അയാൾ പ്രസംഗിക്കുന്നതിനിടയിൽ പറഞ്ഞ ഒരു വാചകം അവനെ വല്ലാതെ ചിന്തിപ്പിച്ചു. ' അവൻ നിന്നെ പുതിയ സൃഷ്ടിയാക്കും'. രാത്രിയിൽ അവന് ഉറങ്ങാൻ കഴിഞ്ഞില്ല. അവന് വല്ലാത്ത അസ്വസ്ഥത അനുഭവപ്പെട്ടു. ആ വാക്കുകൾ അവന്റെ ചെവിയിൽ വീണ്ടും വീണ്ടും മുഴങ്ങിക്കേട്ടു. അവൻ പെട്ടെന്ന് ഒരു പ്രകാശം കണ്ടു. അതിൽ നിന്നും ഒരു ശബ്ദവും അവൻ കേട്ടു; ' എനിക്കു നിന്നെ ആവശ്യമുണ്ട് '. ഇതു കേട്ട് അവൻ ചാടി എണീറ്റു. പിറ്റേന്ന് അവൻ നടന്നു പോകുമ്പോൾ തലേ ദിവസം പ്രസംഗിക്കുന്നതു കണ്ട വയസ്സായ മനുഷ്യനെ വീണ്ടും കണ്ടു. രാത്രിയിൽ സംഭവിച്ച കാര്യങ്ങൾ അവൻ അയാളോടു പറഞ്ഞു. അയാൾ ചെറു പുഞ്ചിരിയോടെ യേശുവിനെക്കുറിച്ചും നിത്യ ജീവനെക്കുറിച്ചും അവനെ പറഞ്ഞു മനസ്സിലാക്കി.

അവരുടെ സംഭാഷണം അവന്റെ ജീവിതത്തെ മാറ്റിമറിച്ചു. തന്റെ പലിശ പിരിക്കുന്ന തൊഴിൽ അവൻ അവസാനിപ്പിച്ചു. അവന്റെ പാപങ്ങളെ ഏറ്റുപറഞ്ഞു പ്രാർത്ഥിച്ചു. അവൻ പ്രാർത്ഥിക്കാൻ തുടങ്ങിയപ്പോൾ അവന്റെ ജീവിതം തന്നെ മാറിമറിഞ്ഞു. അവന് നല്ല തൊഴിൽ ലഭിച്ചു. അവൻ യേശുവിനെ അവന്റെ ജീവിതത്തിൽ സ്വീകരിച്ചപ്പോൾ യേശു അവന്റെ ജീവിതം മാറ്റി. അവനെ ഒരു പുതിയ സൃഷ്ടിയാക്കി മാറ്റി.

# കുശവനും കളിമണ്ണും





സുബിത്ത് പി.എസ്.
ചെറ്റപ്പാലം, മാനന്തവാടി

കോരിച്ചൊരിയും പെരുമഴകൊണ്ടുഞാൻ
കത്തിക്കരിയും വെയിലുമേറ്റു
കാലം കഴിച്ചതാം കാലത്തൊരുനാളിൽ
കോരിയെടുത്തൊരു താതനെന്നെ
കളിമണ്ണുകൊണ്ടു ഞാൻ പാത്രം മെനയുന്ന
കൗശലമേറും കുശവനല്ലോ
മനസ്സിലെ രൂപം കരവിരുതാക്കി, ഞാൻ
ഒരു പുതുപാത്രമായ് മെനഞ്ഞെടുത്തു
ചിത്രപ്പണിയും വർണ്ണവും നൽകിയെൻ
അകവും പുറവും മിനുക്കിയല്ലോ

സമ്മാനമായ് നൽകി സന്തോഷമോടെ താൻ
സാമ്രാജ്യം വാഴുന്ന സാമ്രാട്ടിന്
കൊട്ടാരവാസം സുഖവാസമല്ലോ
ഇതാർക്കും ലഭിക്കാത്ത ദിവ്യ ഭാഗ്യം
അഹങ്കാരമെന്നിൽ നിറഞ്ഞു മനസ്സിൽ
ഞാനാരെന്നുപോലും മറന്നുപോയി
പെട്ടെന്നൊരുനാളിൽ താഴത്തുവീണു ഞാൻ
പൊട്ടിയടർന്നെന്നുടലൊരൽപം
തെല്ലും കനിവെന്നിൽ തോന്നാത്ത രാജാവ്
തോണ്ടിയെറിഞ്ഞെന്നെ ദൂരെ ദൂരെ
എന്നെ സ്നേഹിച്ച കനിവൂറും ശിൽപി തൻ
കൈകളിൽ വീണ്ടും എടുത്തു എന്നെ
പൊട്ടിയ ഭാഗങ്ങളെല്ലാം പണിതു
നറുനിറം പൂശി പുതിയതാക്കി
ഭംഗിയും മാനവും വർണ്ണവുമുള്ള
വിലയുള്ള പാത്രമാണിന്നു നീയ്
ആരുകളഞ്ഞാലും ഞാൻ നിന്നെ കളയില്ല
എന്നു പറഞ്ഞെന്നെ സ്വന്തമാക്കി.

# ധനവാനും ലാസറും



ഷോൺ പി. സുനിൽ
പെരുവണ്ണാമുഴി, വടകര



**ആശംസകൾ...**

അസംബ്ലീസ് ഓഫ് ഗോഡ് മലബാർ ഡിസ്ട്രിക്ട് സണ്ടേസ്കൂൾ പ്രവർത്തനങ്ങൾ വളർച്ചയുടെ പാതയിൽ എന്നു പറയുന്നതിൽ സന്തോഷം ഉണ്ട്. എല്ലാ തലങ്ങളിലും കുതിച്ചുചാട്ടം കൈവരിപ്പാൻ കഴിഞ്ഞിട്ടുണ്ട്. 'ദൈവം നൽകിയ അമൂല്യ നിധിയാണ് കുഞ്ഞുങ്ങൾ'. നമ്മുടെ സണ്ടേസ്കൂൾ പ്രവർത്തനത്തിലൂടെ സഭയ്ക്കും സമൂഹത്തിനും ദൈവവിശ്വാസമുള്ള, അനുസരണയും ആത്മാർത്ഥതയും ഉള്ള ഒരു നല്ല തലമുറയെ വാർത്തെടുക്കുവാൻ നമ്മുടെ അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും കഴിയട്ടെ.ശക്തമായ നേതൃത്വം നൽകുന്ന ഡിസ്ട്രിക്ട് സണ്ടേസ്കൂൾ കമ്മറ്റിയ്ക്ക് ബത്തേരി സെക്ഷന്റെ അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുന്നു.

പാസ്റ്റർ ഇ.വി. ജോൺ
പ്രസ്ബിറ്റർ, ബത്തേരി സെക്ഷൻ




# My Hope



JOSHUA RAJAN
PULPALLY

I know it's the Spirit
Who works within me
Even when my faith is small
Trusting in Jesus that is all
I will trust him
Every moment causes
Even when am sad
He makes me happy
Even when am weak
He strengthens me
I have faith in Him
Every blame, every scold
For God is
Increasing my faith
About the Golden city
But am worried
That who all will
Win the race to the
Promise land, but
I have faith in Him
Who all desires to save
His life, will lose it
But, who all loses his
Life for God, will save it.





# ശലോമോൻ

ബ്ലെസ്സിമോൾ റ്റി.സി.
തേൾപ്പാറ, നിലമ്പൂർ

ലോകത്തെ വളരെ പ്രശസ്തനായ ജ്ഞാനചിന്തകനാണ് ശലോമോൻ. മനുഷ്യ ജീവിതത്തിന്റെ ശരിയായ വിശകലനം നടത്താൻ താൻ സഭാപ്രസംഗിയിൽ താത്പര്യപ്പെടുമ്പോൾ മനുഷ്യ ജീവിതം എങ്ങനെയാണെന്നും അതിന്റെ ജീവിതാടിസ്ഥാനങ്ങൾ എന്തൊക്കെയാണെന്നും താൻ വിശദമാക്കുന്നു. ലോകത്തെ ഒരു മനുഷ്യനു നേടാവുന്ന സകല നേട്ടങ്ങളും താൻ നേടിയെന്ന് സഭാപ്രസംഗി രണ്ടാം അദ്ധ്യായത്തിൽ വ്യക്തമാക്കുന്നു. കൊട്ടാരങ്ങൾ, പൂന്തോട്ടങ്ങൾ, പാട്ടുകാർ അങ്ങനെ ഒരു മനുഷ്യനെ ആനന്ദിപ്പിക്കുവാൻ എന്തൊക്കെ വേണോ, അതെല്ലാം താൻ ഈ ഭൂമിയിൽ നേടിയെടുത്തു. എന്നിട്ട് താൻ ചിന്തിച്ചു ഇതാണ് മനുഷ്യ ജീവിതത്തിന്റെ ഏറ്റവും വലിയ അടിസ്ഥാനമെന്ന്. പിന്നീടുള്ള ചിന്തകളിൽ മനുഷ്യ ജീവിതത്തിന്റെ വലിയ കാര്യങ്ങളേക്കുറിച്ച് വിശദമാക്കി വരുമ്പോൾ താൻ പറയുകയാണ് ഇതിലൊന്നും കാര്യമില്ല, ഇതെല്ലാം മായയാണ്. തനിക്കു കിട്ടിയ എല്ലാറ്റിനെയും ആകാശത്തിനു കീഴിലുള്ള മായയിൽ ഉൾപ്പെടുത്തിയ ശേഷം തന്റെ കണ്ണ് ഒരു നിമിഷം ഉയരങ്ങളിലേക്ക് ഉയർത്തിയിട്ട് പറയുകയാണ് ഇവിടെ കിട്ടുന്നതെല്ലാം താത്കാലികം, പക്ഷേ എനിക്ക് ആകാശത്തിൻ മീതെ ഉള്ളത് ശാശ്വതമാണ്.

തൃപ്തിയായി എന്നു വിചാരിക്കരുത്, വേണ്ടുന്നത് ഇനിയും ഉണ്ട്. ആ വേണ്ടുന്നത് എന്താണെന്ന് താൻ പറയുന്നു. ദൈവത്തെ ഭയപ്പെട്ട് അവന്റെ സകല കല്പനകളും പ്രമാണിക്കയത്രേ വേണ്ടത്. ജീവിതത്തിന്റെ എല്ലാ മേഘലകളിലും നമുക്ക് വേണ്ടുന്നത് ദൈവഭയമാണ്. ഇല്ലാത്തതിനെ ഓർത്ത് വ്യാകുലപ്പെടുന്നതിനേക്കാൾ വേണ്ടുന്ന ദൈവഭയത്തിന് വിലകൊടുത്ത് ജീവിക്കാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. ജ്ഞാനിയായ മനുഷ്യന്റെ ചിന്ത ഇങ്ങനെയാണ്. ആകാശത്തിൻ കീഴെ ഉള്ളതെല്ലാം മായ, എന്നാൽ മുകളിൽ ഉള്ളതെല്ലാം നിലനിൽക്കുന്നതും ശാശ്വതവും. ഒരു പക്ഷേ മനുഷ്യൻ ചിന്തിക്കുന്ന ചിന്തകൾക്കപ്പുറത്ത് തന്റെ വായനക്കാരെ കൊണ്ടു പോകുകയാണ് ശലോമോൻ ഇവിടെ ചെയ്യുന്നത്. നമുക്കും നമ്മുടെ കണ്ണുകൾ ആകാശത്തിനു കീഴിലുള്ള വസ്തുക്കളിലേക്ക് നോക്കുന്നതിനേക്കാൾ മുകളിലുള്ള ശാശ്വതമായതിലേക്ക് കണ്ണു കൊണ്ടുപോകുവാൻ ദൈവം സഹായിക്കട്ടെ. വീണ്ടും താൻ തന്റെ ചിന്തയുമായി മുൻപോട്ടു പോകുമ്പോൾ താൻ അടുത്ത ഒരു ഭാഗം ഇങ്ങനെ പറയുകയാണ്, മനുഷ്യന് ഉള്ളത്, തനിക്കു കിട്ടിയ എല്ലാ കാര്യങ്ങളും; ആരോഗ്യമാകട്ടെ, സൗകര്യങ്ങളാകട്ടെ, അധികാരങ്ങളാകട്ടെ, അറിവാകട്ടെ ഇതെല്ലാം മനുഷ്യനുള്ളതാണ്. പക്ഷേ ആ പുസ്തകം അവസാനിപ്പിക്കുന്ന അദ്ധ്യായത്തിൽ താൻ വരുമ്പോൾ, ഉള്ളത് താൻ തൽകാലം മറന്നിട്ട് വേണ്ടുന്നതിനേക്കുറിച്ച് പറയുന്നു. അങ്ങനെയെങ്കിൽ തന്റെ രണ്ടാമത്തെ ചിന്ത ഇപ്രകാരമാണ്, മനുഷ്യന് ഉള്ളതുകൊണ്ട് സകലവും തൃപ്തിയായി എന്നു വിചാരിക്കരുത്, വേണ്ടുന്നത് ഇനിയും ഉണ്ട്. ആ വേണ്ടുന്നത് എന്താണെന്ന് താൻ പറയുന്നു. ദൈവത്തെ ഭയപ്പെട്ട് അവന്റെ സകല കല്പനകളും പ്രമാണിക്കയത്രേ വേണ്ടത്. ജീവിതത്തിന്റെ എല്ലാ മേഘലകളിലും നമുക്ക് വേണ്ടുന്നത് ദൈവഭയമാണ്. ഇല്ലാത്തതിനെ ഓർത്ത് വ്യാകുലപ്പെടുന്നതിനേക്കാൾ വേണ്ടുന്ന ദൈവഭയത്തിന് വില കൊടുത്ത് ജീവിക്കാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

സഭാപ്രസംഗിയുടെ പുസ്തകത്തിലുടനീളം താൻ ആവർത്തിച്ചു പറഞ്ഞിരിക്കുന്ന ഒരു കാര്യം മായ, മായ, മായ. ജ്ഞാനമാകട്ടെ, സമ്പത്താകട്ടെ, സ്ഥാനമാകട്ടെ, ആരോഗ്യമാകട്ടെ എല്ലാം മായയാണ്. അവസാന അദ്ധ്യായത്തിലേക്കു വരുമ്പോൾ മനുഷ്യ ജീവിതത്തിലെ ക്ഷീണാവസ്ഥയെ കുറിച്ച് പറയുന്നു. സൗന്ദര്യമുള്ള മനുഷ്യൻ കുനിഞ്ഞു നടക്കുന്നു, ആരോഗ്യമില്ലാത്തവനായി മാറുന്നു. നാവുകൾ അടങ്ങുന്നു, പല്ലുകൾ കുറയുന്നു, മുടികൾ നരക്കുന്നു, കേൾവി മന്ദമാകുന്നു. അങ്ങനെ എല്ലാം മായയാണ്. പക്ഷേ ആ ചിന്തയ്ക്കപ്പുറം താൻ നമ്മെ കൊണ്ടുപോകുന്ന ഒരു പ്രധാന ഭാഗമുണ്ട്. ദൈവത്തിന്റെ മുൻപിൽ സകല കാര്യങ്ങൾക്കും കണക്കുകൊടുക്കേണ്ട ദിവസം വരും എന്നതാണ് അത്. ഇവിടുത്തെ പലകാര്യങ്ങളും ഇവിടം കൊണ്ട് അവസാനിക്കുമെങ്കിലും അവസാനിക്കാത്ത ഒരു കണക്ക് ഭൂമിയിൽ സകല മനുഷ്യർക്കും ഉണ്ട്, അത് നാം ദൈവത്തോട് ബോധിപ്പിക്കേണ്ടുന്ന കണക്കാണ്.

# ജീവനുള്ള ജീവിപ്പിക്കുന്ന സമ്മാനം




നൈസിൽ വർഗ്ഗീസ്
പാലക്കാട്

അഞ്ചുമണിക്കുള്ള ബെല്ല് മുഴങ്ങിയപ്പോൾ മീനു ഞെട്ടിയുണർന്നു. പ്രഭാത പ്രാർത്ഥനയ്ക്കുള്ള ബെല്ലാണത്. എല്ലാ കുട്ടികളും ചാപ്പലിൽ എത്തി. ചാപ്പലിൽ മേശപ്പുറത്ത് വർണ്ണക്കടലാസിൽ പൊതിഞ്ഞ ഒരു സമ്മാനം എല്ലാവരുടേയും ശ്രദ്ധയിൽപ്പെട്ടു. എന്നാൽ അത് ആർക്കുള്ളതാണെന്ന് അവർക്കറിയില്ലായിരുന്നു. ആ പൊതി കണ്ടപ്പോൾ മീനുവിന് വളരെ സന്തോഷം തോന്നി. കാരണം ഇന്ന് അവളുടെ ജന്മദിനമാണ്. അത് തനിക്കു തരുവാൻ വേണ്ടി തോമസ് സാർ വാങ്ങിവച്ചതാണെന്ന് അവൾക്ക് മനസ്സിലായി.

പ്രാർത്ഥന കഴിഞ്ഞ് കേക്ക് മുറിക്കുവാൻ സമയമായി. തോമസ് സാർ മീനുവിനെ വിളിച്ചു. അവർ രണ്ട് പേരും ചേർന്ന് കേക്ക് മുറിച്ച് എല്ലാവർക്കും കൊടുത്തു. സാർ സമ്മാനപ്പൊതി മീനുവിനു നൽകിയിട്ടു പറഞ്ഞു "ഈ സമ്മാനം ജീവനുള്ള സമ്മാനമാണ്". എല്ലാവരും പറഞ്ഞു ഏതെങ്കിലും പക്ഷിയോ പൂച്ചക്കുഞ്ഞോ മറ്റും ആയിരിക്കുമെന്ന്. മീനു തന്റെ ബെഞ്ചിൽ പോയിരുന്ന് അത് തുറന്ന് നോക്കി. അവൾക്ക് വളരെ സങ്കടം തോന്നി. കാരണം അത് ഒരു കറുത്ത ബൈന്റുള്ള ബൈബിൾ ആയിരുന്നു. അവൾ ആ ബൈബിൾ തന്റെ പെട്ടിയുടെ അടിയിൽ വെച്ചു.

വർഷങ്ങൾക്കു ശേഷം മീനുവിന്റെ വിവാഹം കഴിഞ്ഞു. വളരെ സന്തോഷകരമായ കുടുംബജീവിതം ആണ് എങ്കിലും അവളുടെ മനസ്സിൽ വല്ലാത്തൊരു വിങ്ങൽ, താൻ ഒരു അനാഥയാണ് എന്ന ഓർമ്മ അവളെ ഓരോ നിമിഷവും മുറിവേൽപ്പിച്ചു. ഇങ്ങനെ ജീവിക്കുന്നതിലും നല്ലത് മരിക്കുന്നതാണ് എന്ന് അവൾ ചിന്തിച്ചു. ആ സമയത്താണ് വർഷങ്ങൾക്കു മുമ്പ് തോമസ് സാർ നൽകിയ സമ്മാനത്തേക്കുറിച്ച് അവൾക്ക് ഓർമ്മ വന്നത്. അവൾ ആ പുസ്തകം എടുത്തു പൊടിയെല്ലാം തട്ടിക്കളഞ്ഞ് അത് തുറന്നു നോക്കി. യോഹന്നാൻ 14:18 അവളുടെ ശ്രദ്ധയിൽ പെട്ടു. "ഞാൻ നിന്നെ അനാഥയായി വിടുകയില്ല" എന്ന വാക്യം വായിച്ചപ്പോൾ അന്ന് തോമസ് സാർ പറഞ്ഞ കാര്യം അവൾക്ക് ഓർമ്മ വന്നു. ഇത് ജീവനുള്ള സമ്മാനമാണ്, ഇത് ജീവിപ്പിക്കുന്ന സമ്മാനമാണ്, ഇത് നിന്നോട് സംസാരിക്കുന്ന സമ്മാനമാണ്. തന്റെ മാതാപിതാക്കൾ കൂടെയില്ലെങ്കിലും യേശു നാഥൻ നല്ല മാതാവായി, നല്ല പിതാവായി കൂടെയുണ്ട്, താൻ അനാഥയല്ല എന്ന് മീനുവിന് ബോധ്യമായി.

# യേശു വലിയവൻ



കരുണ മോഹനൻ
കാസർഗോഡ്

വലിയവൻ യേശു വലിയവൻ
അവൻ എന്നെന്നും മതിയായവൻ
കരുതുന്നു എന്നെ പുലർത്തുന്നു
അവൻ എന്നെന്നും താങ്ങിടുന്നു

പാടിടാം ഒന്നിച്ചാർത്തിടാം
ജീവൻ പോവോളമെന്നാളിലും
നന്ദിയേകിടാം വാഴ്ത്തിപ്പാടിടാം
അവൻ നടത്തിയ വിധങ്ങളോർത്ത് (2)

ഞാൻ പോകും വഴികളിൽ
എൻ കൂടെ വന്നിടും
വീഴ്ചകളിലെന്നെയും താങ്ങിടുന്നു (2)
ആ നാഥൻ ചെയ്ത നന്മകളോർക്കുമ്പോൾ
വാഴ്ത്തിടും എൻ ഉള്ളം അന്ത്യം വരെ.
(പാടിടാം ഒന്നിച്ചാർത്തിടാം)

ആരുമില്ലാതെ ഞാൻ ഏകയായ് തീരുമ്പോൾ
കൈവിടുകില്ലെന്നരുളിയവൻ (2)
ആ നാഥൻ ചെയ്യുന്ന വിധങ്ങളോർത്താൽ
എന്നും ഞാൻ ജീവിക്കും അവൻ സാക്ഷിയായ്.
(പാടിടാം ഒന്നിച്ചാർത്തിടാം)



ആൽബിൻ റോയി
മലപ്പുറം, തിരൂർ

# നല്ല ശമര്യക്കാരൻ

ലൂക്കോസ് 10:25 – 37

പ്രിയ കൂട്ടുകാരെ
നല്ല ശമര്യക്കാരനെക്കുറിച്ചുള്ള
ഉപമ നമുക്കെല്ലാവർക്കും അറിയാമല്ലോ
ഇങ്ങനെ നാമോരുരുത്തരും
അശരണരായവരെ
സഹായിക്കുന്നവരായി തീരാം

" നല്ല ശമര്യനെപ്പോലെ ജീവിക്കാം
ദൈവസ്നേഹമിതാണെന്ന് ചൊല്ലീടാം"




# From the Life to the End



SANDRA VARGHESE
PERINGOM, PAYYANNUR

*From the Life to the End*
*Every person*
*Has a life and death*
*Gives an important personality*
*But not a good ability*
*Thinks, I am best*
*But not the least*
*Learns to earn*
*Not to provide*
*No love, with each other*
*Even with the kinded mother*
*Earns everything in the world*
*That he could,*
*But not a bit of*
*Love in the heart*
*All his achievements*
*In the world*
*Not a bit in the heaven*
*Try to love each other*
*Collect everything*
*Store in heaven*
*God will care for you*
*Till your END!*

ആശംസകൾ...

'ബാല്യത്തിലെ ക്രിയകളാൽ തന്നേ ഒരുത്തന്റെ പ്രവൃത്തി വെടിപ്പും നേരുമുള്ളതാകുമോ എന്ന് അറിയാം' (സദൃ. 20:11). സണ്ടേസ്കൂൾ പഠനം ബാല്യക്കാരുടെ പ്രവൃത്തിയെ വെടിപ്പും നേരുമുള്ളതാക്കി മാറ്റും. അവർ എല്ലായിടത്തും അനുഗ്രഹമായിരിക്കും. മലബാർ ഡിസ്ട്രിക്ട് സണ്ടേസ്കൂളിന് നേതൃത്വം നൽകുന്ന പാ. ജോയി മുളയ്ക്കലിനും തോംസൺ ഒറ്റത്തെങ്ങിലിനും കോഴിക്കോട് സെക്ഷൻ സണ്ടേസ്കൂളിന്റെ ആശംസകൾ.

**Pr. R. Sobhan Raj**
President, Kozhikode Section Sunday School.

# ഉപസംഹാരം

ദൈവത്തിന്റെ അതിപരിശുദ്ധമായ നാമം വാഴ്ത്തപ്പെടുമാറാകട്ടെ. എല്ലാവരുടേയും പ്രാർത്ഥനയുടേയും സഹകരണങ്ങളുടേയും പിൻബലത്താൽ കഴിഞ്ഞ രണ്ട് വർഷങ്ങളിലെ സണ്ടേസ്കൂൾ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി നടത്തപ്പെട്ടു. പുതിയതായി ചില പ്രൊജക്ടുകൾ നടപ്പിലാക്കുവാൻ ദൈവം കൃപചെയ്തു. എല്ലാ പദ്ധതികളുടേയും ഏകലക്ഷ്യം എന്നുള്ളത് നമ്മുടെ കുഞ്ഞുങ്ങളെ സണ്ടേസ്കൂളിലേക്ക് അടുപ്പിക്കുക, ക്രമീകൃതമായി ദൈവവചനം അവരുടെ ഉള്ളങ്ങളിൽ പതിപ്പിക്കുക, ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായി അവരെ പ്രയോജനപ്പെടുത്തുക എന്നുള്ളതാണ്.

ഏകദേശം നാല് വയസ്സ് മുതൽ 18 വയസ്സ് വരെ കുഞ്ഞുങ്ങൾ സണ്ടേസ്കൂളിൽ പഠിക്കുമ്പോൾ ദൈവവചനം വ്യക്തമായി അവരുടെ ഉള്ളങ്ങളിൽ പതിയുവാൻ ഇടവരുന്നു. ജീവിതത്തിന്റെ പ്രയാസവേളകളിൽ അതിനെ അതിജീവിക്കുവാൻ അവർക്ക് പഠിച്ച ദൈവ വചനങ്ങളാൽ സാധ്യമാകും. അങ്ങനെയുള്ളവർ ഒരുനാളും പരാജിതരാകുകയില്ല.

സണ്ടേസ്കൂൾ പ്രവർത്തനങ്ങളേപ്പറ്റി വ്യക്തമായി അറിയാത്തവർക്കായി ചെറിയ ഒരു രൂപരേഖയും റിപ്പോർട്ടിന്റെ ബാക്കി ഭാഗവും ചുവടെ കൊടുക്കുന്നു.

## വിവിധ ഗ്രേഡുകൾ തിരിക്കേണ്ട വിധം

സണ്ടേസ്കൂൾ ക്ലാസ്സുകൾ ജനുവരി ആദ്യവാരത്തിലാണ് ആരംഭിക്കുന്നത്. ക്ലാസ്സുകൾ തിരിക്കേണ്ട പ്രായപരിധി അടങ്ങിയ സണ്ടേസ്കൂൾ കലണ്ടർ എല്ലാ വർഷവും ഡിസംബർ മാസത്തിൽ തന്നെ സഭകളിൽ എത്തിക്കുന്നു. അതിൻ പ്രകാരമാണ് വിവിധ ഗ്രേഡുകൾ തിരിച്ച് ക്ലാസ്സുകൾ എടുക്കേണ്ടത്. ഒരു കുട്ടിയേ ഉള്ളെങ്കിൽ പോലും രജിസ്റ്റർ ചെയ്യുക. പുതിയതായി രക്ഷിക്കപ്പെട്ടുവന്നവരെ പ്രായം അനുസരിച്ചുള്ള ക്ലാസ്സിൽ ഇരുത്തുവാൻ ചിലപ്പോൾ സാധിക്കില്ല, അദ്ധ്യാപകരുടെ കുറവുമൂലം ചിലപ്പോൾ രണ്ട് ഗ്രേഡിൽ ഉള്ളവരെ ഒരുമിച്ചിരുത്താറുണ്ട്, ഇങ്ങനെ ഏതെങ്കിലും കാരണത്താൽ ഏതെങ്കിലും കുട്ടികൾ ജനന തീയ്യതി അനുസരിച്ച് ശരിയായ ക്ലാസ്സിൽ അല്ല പഠിക്കുന്നതെങ്കിൽ അവരുടെ പേരും അവരെ നിലവിൽ പഠിപ്പിക്കുന്ന ഗ്രേഡ് ഏതാണെന്നും പ്രത്യേകമായി എഴുതിയാൽ മതി.

സണ്ടേസ്കൂളിൽ രജിസ്റ്റർ ചെയ്തവർക്കു മാത്രമേ സണ്ടേസ്കൂളിന്റെ വിവിധ പ്രൊജക്ടുകളിൽ അംഗമാകാൻ കഴിയുകയുള്ളൂ എന്നതിനാൽ എല്ലാ കുട്ടികളുടേയും പേരുകൾ രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പുവരുത്തുക. അവരുടെ അവകാശം നിഷേധിക്കാതിരിക്കുക. സണ്ടേസ്കൂൾ ക്രമമായി നടക്കാത്ത എല്ലാ സഭകളും കുറഞ്ഞത് ഒരു ക്ലാസെങ്കിലും ക്രമീകരിച്ച് കുട്ടികളെ രജിസ്റ്റർ ചെയ്യുക.

## പരീക്ഷകൾ

പ്രധാനമായും പത്ത് പാഠങ്ങൾ വീതമുള്ള നാല് ക്വാർട്ടറുകളായി പാഠങ്ങൾ തിരിച്ചിരിക്കുന്നു. ഓരോ ക്വാർട്ടറുകൾ കഴിയുമ്പോഴും പരീക്ഷകൾ നടത്തി പാഠഭാഗങ്ങൾ കൂടുതൽ ഹൃദ്യസ്ഥമാക്കുവാൻ സഹായിക്കുന്നു. ആദ്യ രണ്ട് ക്വാർട്ടറുകൾ ചേർത്ത് അർദ്ധവാർഷിക പരീക്ഷയായും (Half Yearly Exam) അവസാന രണ്ട് ക്വാർട്ടറുകൾക്ക് ശേഷം വാർഷിക പരീക്ഷയായും (Annual Exam) നടത്തുന്നു. വാർഷിക പരീക്ഷയ്ക്കുള്ള ഭൂരിഭാഗം ചോദ്യങ്ങളും അവസാന രണ്ട് ക്വാർട്ടറുകളിൽ നിന്നും ആയിരിക്കും ഉണ്ടാവുക.

ഒന്നും മൂന്നും ക്വാർട്ടർലി പരീക്ഷകൾക്ക് അതത് സഭകളിലെ അദ്ധ്യാപകർ തന്നെ ചോദ്യങ്ങൾ കൊടുത്ത് ഉത്തരപേപ്പറുകൾ അവിടെതന്നെ മൂല്യനിർണ്ണയം ചെയ്യേണ്ടതാണ്. അർദ്ധ വാർഷിക പരീക്ഷയ്ക്കുള്ള ചോദ്യ പേപ്പറുകൾ ഡിസ്ട്രിക്ടിൽ നിന്നും സഭകളിലേക്ക് നേരിട്ട് അയച്ചു തരുന്നതാണ്. എന്നാൽ ഉത്തരപേപ്പറുകൾ അവിടെതന്നെ മൂല്യനിർണ്ണയം ചെയ്ത് മാർക്ക് ഡിസ്ട്രിക്ട് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. വാർഷിക പരീക്ഷയ്ക്കുള്ള ചോദ്യപേപ്പർ, ഉത്തരമെഴുതാനുള്ള പേപ്പർ, കവറുകൾ തുടങ്ങിയവ സെക്ഷൻ പ്രസിഡന്റുമാർക്ക് എത്തിച്ചുകൊടുക്കുകയും, അവർ പ്രത്യേകം സൂപ്പർവൈസർമാരെ നിയമിച്ച് വിവിധ സഭകളിലേക്ക് അവരെ അയക്കുകയും ചെയ്യുന്നു. പരീക്ഷാനന്തരം ഉത്തരപേപ്പറുകൾ പ്രത്യേകം പായ്ക്ക് ചെയ്ത് ഡിസ്ട്രിക്ട് ഓഫിസിലേക്ക് അയച്ചുതരുന്നു. അദ്ധ്യാപകർ ഒരു സ്ഥലത്ത് ഒത്തുചേർന്ന് ഡിസ്ട്രിക്ട് ഭാരവാഹികളുടെ മേൽനോട്ടത്തിൽ ഉത്തരപേപ്പറുകൾ മൂല്യനിർണ്ണയം ചെയ്യുന്നു. ഓരോ ഗ്രേഡിലും റാങ്കുകൾ നിശ്ചയിച്ച് പ്രത്യേക പുരസ്കാരങ്ങൾ നൽകി ആദരിക്കുന്നു. നവംബർ മാസത്തിലെ അവസാന ഞായറാഴ്ചകളിലാണ് വാർഷിക പരീക്ഷ നടക്കുന്നത്.

## താലന്തു പരിശോധന

സഭാതല താലന്തു പരിശോധന സെപ്റ്റംബർ മാസത്തിലും, അതിൽ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയവർക്കായി സെക്ഷൻ താലന്തു പരിശോധന ഒക്ടോബർ മാസത്തിലും, അതിൽ ഒന്നാം സ്ഥാനം നേടിയവരെ മാത്രം ഉൾപ്പെടുത്തി ഡിസ്ട്രിക്ട് താലന്തു പരിശോധന ഡിസംബർ മാസത്തിലുമാണ് നടത്തപ്പെടാറുള്ളത്. ഡിസ്ട്രിക്ടിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്ക് മികച്ച സമ്മാനങ്ങൾ നൽകി ആദരിക്കുന്നു. മത്സരങ്ങൾക്കുള്ള നിർദ്ദേശങ്ങളും നിബന്ധനകളും അതത് വർഷങ്ങളിൽ സഭകളിലേക്ക് അയച്ചുതരുന്നതായിരിക്കും.

## ഭാവി പരിപാടികൾ

- കുട്ടികളുടെ വിവരങ്ങൾ സൂക്ഷിക്കുന്നതിനായി പുതിയ സോഫ്റ്റ്‌വെയർ ഉണ്ടാക്കുവാൻ ആഗ്രഹിക്കുന്നു.
- 'യേശുവിന്റെ സംഭവകഥ' എന്ന ചിത്രകഥാ പുസ്തകത്തിന്റെ ഒരു ലക്ഷം കോപ്പികൂടി ഓർഡർ ചെയ്തു.
- പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിനനുസരിച്ച് ഇംഗ്ലീഷ് ഭാഷയിലേക്ക് പരിഭാഷപ്പെടുത്തി അച്ചടിക്കുവാൻ ശ്രമിക്കുന്നു.
- പുതിയ വേലസ്ഥലങ്ങൾ കേന്ദ്രീകരിച്ച് അവിശ്വാസികളുടെ ഇടയിൽ സണ്ടേസ്കൂളുകൾ തുടങ്ങുവാൻ ദൈവദാസൻമാരെ പ്രോത്സാഹിപ്പിക്കുവാൻ ആഗ്രഹിക്കുന്നു.
- കുഞ്ഞുങ്ങളെ സണ്ടേസ്കൂളുമായി കൂടുതൽ അടുപ്പിക്കുന്നതിനായുള്ള മറ്റ് പദ്ധതികൾക്കും രൂപം കൊടുക്കുന്നു.

## സാമ്പത്തികം

സംഭാവനാ കവർ മുഖേന മലബാറിലെ സഭകളിൽ നിന്നും സ്വരൂപിക്കുന്ന പണവും, വ്യക്തിപരമായി വിദേശത്തും സ്വദേശത്തും ഉള്ളവർ നൽകുന്ന സംഭാവനയുമാണ് ഡിസ്ട്രിക്ട് സണ്ടേസ്കൂൾ പ്രവർത്തനങ്ങളുടെ മൂലധനം. കഴിഞ്ഞ കാലയളവിൽ 860000 (എട്ട് ലക്ഷത്തി അറുപതിനായിരം) രൂപയിൽ അധികം ഡിസ്ട്രക്ട് സണ്ടേസ്കൂളിന് ലഭിച്ചു.

വ്യക്തിപരമായി സംഭാവനകൾ നൽകിയവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| Personal Donations | | | |
|---|---|---|---|
| Ottathengil Family USA (for Charity Wing) | 65000 | Leena Pathikkunnel | 5000 |
| George Thomas Ottathengil | 60000 | Thomson Ottathengil | 5000 |
| Mathew Thomas Ottathengil | 55000 | Lijo Thomas | 2500 |
| Sharja AG Church C/o Jovemon Nirappil | 25000 | Sr. Mini Shobenraj | 2000 |
| Ashly Thomas Ottathengil | 16500 | George Ayyamkolli | 1500 |
| Church of God, Sharja C/o Binumon Nirappil | 15000 | Jince Monichan | 1100 |
| Ninan Thomas Ottathengil | 9900 | Saji Kottakat | 1000 |
| Jovemon Nirappil | 8000 | Biju Karyambadi | 1000 |
| Binumon Nirappil | 8000 | Pr. K. U. Peter | 500 |
| Varghese Thomas Ottathengil | 6000 | George Therayil | 500 |
| L. Justus | 5000 | Thomas Chittaarickal | 500 |
| Jose Nirappil | 5000 | Total | 299000 |

(ബൈബിൾ ക്വിസ്സിന്റെ സമ്മാനങ്ങൾ സ്പോൺസർ ചെയ്തവരുടെ പേരുകൾ പേജ് 38 ൽ കൊടുത്തിട്ടുണ്ട്.)

## നന്ദി

സർവ്വശക്തനായ ദൈവത്തിന് സകല മാനവും മഹത്വവും അർപ്പിക്കുന്നു. സണ്ടേസ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പ്രോത്സാഹനങ്ങളും നൽകിയ ഡിസ്ട്രിക്ട് സൂപ്രണ്ട് റവ. വി. ടി. ഏബ്രഹാം, മറ്റു എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ, സണ്ടേസ്കൂൾ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി അത്യദ്ധ്വാനം ചെയ്യുന്ന സെക്ഷൻ പ്രസിഡന്റുമാർ, പ്രസ്ബിറ്റേഴ്സ്, പാസ്റ്റേഴ്സ്, പ്രതിഫലേച്ഛ കൂടാതെ കുഞ്ഞുങ്ങളെ വചനം പഠിപ്പിക്കുന്ന സണ്ടേസ്കൂൾ അദ്ധ്യാപകർ, സാമ്പത്തികമായും പ്രാർത്ഥനയാലും സഹകരിച്ചുകൊണ്ടിരിക്കുന്നവർ, എല്ലാവർക്കും ഡിസ്ട്രിക്ട് സണ്ടേസ്കൂളിന്റെ ഹൃദയംഗമമായ നന്ദി അറിയിക്കുന്നു.

സർവ്വശക്തനായ ദൈവം എല്ലാവരേയും സമൃദ്ധിയായി അനുഗ്രഹിക്കുമാറാകട്ടെ.

(ഈ മാഗസിൻ പുറത്തിറക്കുന്ന സമയത്ത് പല സെക്ഷനുകളിലും സൺഡേ സ്കൂൾ പ്രസിഡന്റുമാരുടെ തിരഞ്ഞെടുപ്പ് കഴിഞ്ഞിട്ടില്ലാത്തതിനാൽ അവരുടെ വിവരങ്ങൾ മാഗസിനിൽ ചേർക്കുവാൻ സാധിച്ചിട്ടില്ല.)



തോംസൺ ഒറ്റത്തെങ്ങിൽ
(സെക്രട്ടറി)